# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചാവക്കാട് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(എം 2)336/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 01/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ചാവക്കാട് മുനിസിപ്പാലിറ്റി

സർ,

വിഷയം : ചാവക്കാട് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാവക്കാട് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)
4) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(എം 2)336/22 തീയ്യതി: 01/07/2022

## തൃശ്ശൂർ ജില്ലയിലെ ചാവക്കാട് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 77 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 63 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (**മുതൽ**) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ.ഷാജി | ജോയിന്റ് ഡയറക്ടർ | 14-02-2022 | 22-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (**മുതൽ**) | തീയതി (വരെ) |
|---|---|
| 14-02-2022 | 22-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശിവൻ പി.എ., ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)

2) ബേബി.പി.വി. ഓഡിറ്റ് ഓഫീസർ

3) മീര.ടി., ഓഡിറ്റ് ഓഫീസർ

4) ജോമോൻ ഇ.കെ,അസി.ഓഡിറ്റ് ഓഫീസർ

5) അനീറ്റ ഡൊമനിക്, ഓഡിറ്റർ

6) രേഖ ഇ.സി.,ഓഡിറ്റർ

7) സ്വാലിഹ്. സി.പി., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എൻ. കെ. അക്ബർ | ചെയർമാൻ | 01-04-2019 | 31-03-2020 |
| സിനി ടി.എൻ. | സെക്രട്ടറി | 01-04-2019 | 29-08-2019 |
| വിശ്വനാഥൻ കെ.ബി. | സെക്രട്ടറി | 30-08-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഫാത്തിമ പി.എ. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 31-03-2020 |
| ഡോ.ശ്രീവിദ്യ എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| പോൾ തോമസ് വി. | ഹെൽത്ത് ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ശ്രീജ | സൂപ്രണ്ട്, താലൂക്ക് ഹോസ്പ്പിറ്റൽ | 01-04-2019 | 31-03-2020 |
| മനോജ് ടി. | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| നാസർഖാൻ കെ.എൻ. | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | 01-04-2019 | 31-03-2020 |
| ഷെമീർ എം. | പ്രൊജക്ട് ഓഫീസർ (യ.പി.എ.സി.) | 01-04-2019 | 31-03-2020 |
| സജിനി പി.എം. | എസ്.സി.ഡി.ഒ. | 01-04-2019 | 03-01-2020 |
| ബീജ പി.എം. | എസ്.സി.ഡി.ഒ. | 04-01-2020 | 02-02-2020 |
| വാസുദേവൻ സി.എൻ | എസ്.സി.ഡി.ഒ. | 03-02-2020 | 31-03-2020 |
| അനിൽകുമാർ കെ.വി. | എച്ച്.എം. ജി.എച്ച്.എസ് | 01-04-2019 | 27-06-2019 |
| രത്നകുമാരി | എച്ച്.എം. ജി.എച്ച്.എസ് | 28-06-2019 | 21-10-2019 |
| മനോജ്കുമാർ എ.വി. | എച്ച്.എം. ജി.എച്ച്.എസ് | 22-10-2019 | 31-03-2020 |
| ഗീതാകുമാരി സി.എസ്. | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശാന്ത ടി.എസ്. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| അശോക് കുമാർ കെ.എ. | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2019 | 21-11-2019 |
| ജെസ്സി ടി.ജെ. | അസിസ്റ്റൻറ് എഞ്ചിനീയർ | 22-11-2019 | 31-03-2020 |
| ഗ്രേസി ഇ. എ. | എച്ച്.എം.യു.പി.എസ് | 01-04-2019 | 31-03-2020 |
| ഡോ.രഞ്ജി ജോൺ ഇ. | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 30-11-2019 |
| ഡോ. സി.കെ.സിൽവൻ | സീനിയർ വെറ്ററിനറി സർജൻ | 01-12-2019 | 29-02-2020 |
| ഡോ.രഞ്ജി ജോൺ ഇ. | സീനിയർ വെറ്ററിനറി സർജൻ | 01-03-2020 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.A.Sivan (Audit Officer, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Swalih C.P (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Swalih C.P (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Anita Dominic (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.A.Sivan (Audit Officer, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-5 |
| 6 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി<br>Written By: P.A.Sivan (Audit Officer, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Jomon E K (Asst. Audit Officer, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Anita Dominic (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Anita Dominic (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.A.Sivan (Audit Officer, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-10 |
| 11 | വാർഷിക കണക്ക് അപാകതകൾ<br>Written By: Anita Dominic (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-11 |
| 12 | വസ്തു നികുതി ഡിസിബി പത്രിക ഹാജരാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 24-05-2022) | 1-11-1 |
| 13 | വസ്തുനികുതി(കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Anita Dominic (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-11-2 |
| 14 | വസ്തുനികതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല<br>Written By: Anita Dominic (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-11-3 |
| 15 | 431910100-ശീർഷകത്തിലെ തുക യഥാർത്ഥ തുകയുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Anita Dominic (Auditor, On 12-03-2022)<br>Last Updated By: Sudha Das (Joint Director, On 01-07-2022) | 1-11-4 |
| 16 | പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു<br>Written By: Jomon E K (Asst. Audit Officer, On 12-03-2022)<br>Last Updated By: Sudha Das (Joint Director, On 01-07-2022) | 1-11-5 |
| 17 | ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കി ഡി സി ബി തയ്യാറാക്കുന്നില്ല<br>Written By: Anita Dominic (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-11-6 |
| 18 | മുൻകൂർ തുക ലഭിച്ചത് - രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല<br>Written By: Anita Dominic (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-11-7 |
| 19 | രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ- വരുമാനമായി ക്രമീകരിക്കൽ<br>Written By: Anita Dominic (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-11-8 |

| | | |
|---|---|---|
| 20 | ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല<br>Written By: Jomon E K (Asst. Audit Officer, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-11-9 |
| 21 | സാംഖ്യ സോഫ്റ്റ്‌വെയറിൽ റോഡുകളുടെ തേയ്മാനത്തിനായി പ്രത്യേകം ഹെഡ് ഇല്ല<br>Written By: Anita Dominic (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-11-10 |
| 22 | ആസ്തി രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-11-11 |
| 23 | വരവ് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്<br>Written By: Anita Dominic (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-11-12 |
| 24 | ഗ്രാന്റുകളുടെ രജിസ്റ്റർ പരിശോധിക്കാൻ സാധിച്ചിട്ടില്ല<br>Written By: Anita Dominic (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-11-13 |
| 25 | അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല<br>Written By: Anita Dominic (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-11-14 |
| 26 | ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണ്ണമാണ്<br>Written By: Anita Dominic (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-11-15 |
| 27 | ലേലം രജിസ്റ്ററിലെ ഡി സി ബി വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Anita Dominic (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-11-16 |
| 28 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിലെ തുകയും പാർട്ട് ബില്ലുകൾ നൽകിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു<br>Written By: Anita Dominic (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-11-17 |
| 29 | തൊഴിലുറപ്പ് പദ്ധതി - രജിസ്റ്ററിലെ വിവരങ്ങൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Anita Dominic (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-11-18 |
| 30 | രസീതുകളുടെ പരിപാലനം - അപാകതകൾ<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-12 |
| 31 | ലേലം-തുക മുഴുവനായും അടവാക്കിയിട്ടില്ല<br>Written By: REKHA E.C. (Auditor, On 14-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-13 |
| 32 | നഗരസഭ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ഡി ആൻഡ് ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.<br>Written By: REKHA E.C. (Auditor, On 09-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-14 |
| 33 | തൊഴിൽ നികുതി<br>Written By: REKHA E.C. (Auditor, On 06-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-15 |
| 34 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: REKHA E.C. (Auditor, On 10-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-16 |
| 35 | റെഗുലറൈസേഷൻ ഫീ പെർമിറ്റ് ഫീസിനോട് ചേർത്ത് വാർഷിക കണക്കു തയ്യാറാക്കുന്നു<br>Written By: REKHA E.C. (Auditor, On 06-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-17 |
| 36 | ബൈലോകൾക്ക് സർക്കാർ അംഗീകാരം വാങ്ങേണ്ടതാണ്<br>Written By: REKHA E.C. (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-18 |
| 37 | കടമുറി വാടക - അപാകതകൾ<br>Written By: REKHA E.C. (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 21-05-2022) | 1-19 |
| 38 | CRZ കൺകറൻസ് ലഭിച്ചതിലും ഉപരിയായി നിർമ്മാണം നടത്തിയ വാണിജ്യകെട്ടിടത്തിൻമേൽ - തുടർനടപടികൾ സ്വീകരിക്കാൻ കാലതാമസം നേരിടുന്നു.<br>Written By: REKHA E.C. (Auditor, On 09-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-20 |

| | | |
|---|---|---|
| 39 | മൊബൈൽ ടവറുകൾ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു.<br>Written By: REKHA E.C. (Auditor, On 14-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 23-05-2022) | 1-21 |
| 40 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി പൂർണ്ണമായും ഒഴിവാക്കി നൽകിയിരിക്കുന്നു- രേഖകൾ ലഭ്യമല്ല.<br>Written By: REKHA E.C. (Auditor, On 14-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 23-05-2022) | 1-22 |
| 41 | വാണിജ്യ കെട്ടിടങ്ങൾ പാർപ്പിടാവശ്യ കെട്ടിടത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു.<br>Written By: REKHA E.C. (Auditor, On 14-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-23 |
| 42 | വസ്തുനികുതി നിർണ്ണയം - മേഖല,വഴി സൗകര്യം എന്നിവ ഭരണസമിതി അംഗീകരിച്ചവയിൽ നിന്നും വിഭിന്നമായി കണക്കാക്കി വരുന്നു..<br>Written By: REKHA E.C. (Auditor, On 15-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-24 |
| 43 | സ്പോർട്സ് കൗൺസിൽ രൂപീകരിക്കണം<br>Written By: Jomon E K (Asst. Audit Officer, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-25 |
| 44 | മുൻക്കുറുകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല<br>Written By: Jomon E K (Asst. Audit Officer, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-26 |
| 45 | വെള്ളക്കരം -സംയുക്ത പരിശോധന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം.<br>Written By: Jomon E K (Asst. Audit Officer, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-27 |
| 46 | ജിയോടാഗിങ്ങ് നടപടികൾ പൂർത്തിയാക്കണം<br>Written By: Jomon E K (Asst. Audit Officer, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-28 |
| 47 | ധനകാര്യ കമ്മീഷൻ ഫണ്ട് വിനിയോഗം മാർഗ്ഗരേഖ പ്രകാരമല്ല<br>Written By: Jomon E K (Asst. Audit Officer, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-29 |
| 48 | ഒരേ ഇൻവോയ്സ് പ്രകാരം രണ്ട് പ്രാവശ്യം തുക നല്കി.<br>Written By: P.V.Baby (Audit Officer, On 09-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-30 |
| 49 | പിൻവലിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ല<br>Written By: P.V.Baby (Audit Officer, On 09-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-31 |
| 50 | അഗതി രഹിത കേരളം - ആശ്രയ അക്കൗണ്ടിൽ വൻതുക നീക്കിയിരിപ്പ്<br>Written By: P.V.Baby (Audit Officer, On 09-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-32 |
| 51 | ചെലവു രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല<br>Written By: P.V.Baby (Audit Officer, On 09-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-33 |
| 52 | ചെലവ് രേഖകൾ ഹാജരാക്കിയില്ല.<br>Written By: P.V.Baby (Audit Officer, On 09-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-34 |
| 53 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 2019 -20 വർഷത്തെ വിവിധ പദ്ധതികളിലെ അപാകതകൾ.<br>Written By: P.V.Baby (Audit Officer, On 10-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-35 |
| 54 | കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികൾ -ചെലവു രേഖകൾ ലഭ്യമാക്കാത്തതിനാൽ 2,72,592 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Meera T (Audit Officer, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-36 |
| 55 | ABC പ്രോഗ്രാം-വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Meera T (Audit Officer, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-37 |
| 56 | സെക്രട്ടറിയുടെ ശമ്പളം സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല<br>Written By: Jomon E K (Asst. Audit Officer, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-38 |
| 57 | സ്യൂട്ട് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Jomon E K (Asst. Audit Officer, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-39 |

| | | |
|---|---|---|
| 58 | വാഹന പരിപാലനം അപാകതകൾ<br>Written By: Jomon E K (Asst. Audit Officer, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-40 |
| 59 | മരാമത്ത് പദ്ധതിപ്രവർത്തനങ്ങൾ-പൊതുനിരീക്ഷണങ്ങൾ<br>Written By: P.A.Sivan (Audit Officer, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-41 |
| 60 | കരാറുകൾ ആധികാരികമായി ചമച്ചിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-42 |
| 61 | സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-43 |
| 62 | തൊഴിലുറപ്പുപദ്ധതിപ്രവർത്തനം<br>Written By: P.A.Sivan (Audit Officer, On 14-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 24-05-2022) | 1-44 |
| 63 | കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല.<br>Written By: Jomon E K (Asst. Audit Officer, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 24-05-2022) | 1-45 |
| 64 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ<br>Written By: P.V.Baby (Audit Officer, On 15-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-46 |
| 65 | മത്സ്യ വില്പനക്ക് മോട്ടോർസൈക്കിളും ഐസ്ബോക്സും -സബ്സിഡി അധികം നൽകി<br>Written By: Meera T (Audit Officer, On 21-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-47 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | മത്സ്യ വില്പനക്ക് മോട്ടോർസൈക്കിളും ഐസ്ബോക്സും -സബ്സിഡി അധികം നൽകി<br>Written By: Meera T (Audit Officer, On 21-03-2022)<br>Last Updated By: Sudha Das (Joint Director, On 01-07-2022) | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Anita Dominic (Auditor, On 11-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 24-05-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Anita Dominic (Auditor, On 11-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Anita Dominic (Auditor, On 11-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 24-05-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Anita Dominic (Auditor, On 11-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Anita Dominic (Auditor, On 11-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Anita Dominic (Auditor, On 11-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 24-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Anita Dominic (Auditor, On 11-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 24-05-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Anita Dominic (Auditor, On 11-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 24-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Anita Dominic (Auditor, On 11-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Anita Dominic (Auditor, On 11-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 24-05-2022) | 4-10 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 27.02.2019, തീരുമാനം നം. 1 | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 715568181 | 698209037 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 24.03.2020, തീരുമാനം നം. 1 | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 420348531 | 496882797 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 07-09-2020 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11,32,74,687 |
| വരവ് | 18,40,52,455 |
| ആകെ | 29,73,27,142 |
| ചെലവ് | 23,30,26,969 |
| നീക്കിയിരിപ്പ് | 6,43,00,173 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACRപ്രകാരം) | 0 | 39285907 | 39285907 | 29545947 | 9739960 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3592334 | 3592334 | 1433602 | 2158732 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 20007000 | 20007000 | 5040469 | 14966531 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 10951000 | 10951000 | 5338379 | 5612621 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ACR പ്രകാരം) | 0 | 64401000 | 64401000 | 19724808 | 44676192 |
| സിഎഫ് സി ടൈഡ് | 0 | 752736 | 752736 | 752736 | 0 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 283 | 268262161 | 95 | 69531601 | 56 | 132 | 33.57% |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ + ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 4979040 | 5554516 | 10533556 | 6611372 | 3922184 |

നഗരസഭ ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്. വാർഷിക കണക്ക് പ്രകാരം മുന്നിരിപ്പ് തുക 49,79,041/- രൂപയാണ്.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 960 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 250800 | 90 |
| വിധവാപെൻഷൻ | 9748200 | 3334 |
| വാർദ്ധക്യകാലപെൻഷൻ | 17180400 | 5805 |
| വികലാംഗപെൻഷൻ | 2167800 | 726 |
| അവിവാഹിത പെൻഷൻ | 775800 | 267 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 270000 | 9 |

വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നൽകിയത് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.02.2022 തീയതിയിൽ 3 Pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,76,084/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി നൽകുന്ന കാര്യത്തിൽ വളരെ ക്രിയാത്മകമായ സമീപനമാണ് സ്ഥാപനം പുലർത്തിയിട്ടുള്ളത്. ഗ്രാന്റ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ, വരവ് രജിസ്റ്ററുകൾ മുൻകൂർ രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ എന്നിവ കാലികമായി സൂക്ഷിക്കേണ്ടതുണ്ട്. നഗരസഭാ ഉദ്യോഗസ്ഥർ അവധിയിൽ പ്രവേശിക്കുകയോ, സ്ഥലം മാറിപ്പോകുകയോ ചെയ്താൽ ആ ഉദ്യോഗസ്ഥരുടെ ചുമതലകൾ മറ്റുദ്യോഗസ്ഥർക്ക് യഥാസമയം വിഭജിച്ചുനൽകേണ്ടതാണ്. നഗരസഭയുടെ വരവിനങ്ങൾ, ചെലവിനങ്ങൾ, പദ്ധതിപ്രവർത്തനങ്ങൾ എന്നിവയിൽ കാണപ്പെട്ട അപാകതകൾ അതതു ഖണ്ഡികയിൽ ഉൾപെടുത്തിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.04.2016 മുതൽ 22.04.2016 വരെ | 2015-16 | വിവരം ലഭ്യമാക്കിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | 21.02.2019 മുതൽ 07.03.2019 വരെ | 2015-16 മുതൽ 2017-18 വരെ | 20.04.2019 |

## 1-11 വാർഷിക കണക്ക് അപാകതകൾ

2019-20 വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

### 1-11-1 വസ്തു നികുതി ഡിസിബി പത്രിക ഹാജരാക്കിയിട്ടില്ല

31.03.2020 തീയതിയിലെ വസ്തുനികുതിയുടെ DCB പത്രിക ഹാജരാക്കിയിട്ടില്ല.
ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക) പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ ലഭ്യമാക്കാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-11-2 വസ്തുനികുതി(കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

രജിസ്റ്ററിൽ കൊടുത്തിരിക്കുന്ന വസ്തുനികുതി (കുടിശ്ശിക) DCB, വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 7225683 | 4221085 | 3005758 |
| രജിസ്റ്റർ പ്രകാരം | 7220437 | 4221085 | 2999352 |

## 1-11-3 വസ്തുനികതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികതി ഡിമാന്റ് തുക, വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ ചാവക്കാട് മുനിസിപ്പാലിറ്റിയിൽ 627 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20 ലെ “110100100-Property Tax (General)”എന്ന ശീർഷകത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റത്തവണ മാത്രം (V.No. 41900354, Dtd. 01.04.2019) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-4 431910100-ശീർഷകത്തിലെ തുക യഥാർത്ഥ തുകയുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 1,15,08,223/- രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910100-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 71,820 ആണ്. എന്നാൽ ഈ ശീർഷകത്തിൽ 5,47,953.69 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-11-5 പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു

2019-20 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അകൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100800-Rent From Building | 5947230 | 01.04.2019 | 41900444 |
| 2. | ഭൂമി പാട്ടം | 130400100-Rent From Lease Of Lands | 55715 | 01.04.2019 | 41900370 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-11-6 ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കി ഡി സി ബി തയ്യാറാക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം54(3)(എച്ച്). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. വർഷാന്ത്യത്തിലെ സംക്ഷിപ്തം മാത്രമാണ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

4.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

4.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

4.3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4.4വാടക ഡിമാന്റ് രജിസ്റ്റർ

4.5 ലൈബ്രറി രജിസ്റ്റർ

4.6 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

4.7 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

4.8 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

4.9ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ (എഴുതി സൂക്ഷിക്കുന്നില്ല)

4.10 ഭൂമി പാട്ടം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ (എഴുതി സൂക്ഷിക്കുന്നില്ല)

### 1-11-7 മുൻകൂർ തുക ലഭിച്ചത് - രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ.നം | വരുമാനം | മുൻകൂർ ശീർഷകം | 31/3/2020 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 315 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 712958 |

### 1-11-8 രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ- വരുമാനമായി ക്രമീകരിക്കൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലിന് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് , ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280209900-Prior Period Income-Other Income | 125000 |

### 1-11-9 ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (കേരള നഗരപാലിക അക്കൗണ്ട്സ് ചട്ടങ്ങൾ 2007, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-11-10 സാംഖ്യ സോഫ്റ്റ്‌വെയറിൽ റോഡുകളുടെ തേയ്മാനത്തിനായി പ്രത്യേകം ഹെഡ് ഇല്ല

31/3/2020 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Assets എന്ന ആസ്തികൾക്ക് 76,40,954/- രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2020 ലെ Accumulated Depreciation 15,12,33,43,813/- രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല. ഇക്കാര്യം ഓഡിറ്റ് എൻക്വയറി (നം. 31/23.02.2022) മുഖേന അറിയിച്ചപ്പോൾ സാംഖ്യ സോഫ്റ്റ്‌വെയറിൽ Accumulated Depreciation കണക്കാക്കുമ്പോൾ റോഡുകളുടെ തേയ്മാനത്തിനായി പ്രത്യേകം ഹെഡ് ഇല്ലാത്തതിനാലാണ് Other Fixed Assets എന്ന ഹെഡിൽ ആയത് ചേർത്തിട്ടുള്ളത് എന്ന് മറുപടി നല്കിയിട്ടുണ്ട്.

### 1-11-11 ആസ്തി രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

### 1-11-12 വരവ് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്

RP-3, RP-4, RP-5 പ്രകാരമുള്ള വരവുകളുടെ എല്ലാ രജിസ്റ്ററുകളും ലഭ്യമായില്ല. ഇല്ലാത്ത വരവ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.31/23.02.2022) മറുപടി നല്കിയിട്ടുള്ളതാണ്.

### 1-11-13 ഗ്രാന്റുകളുടെ രജിസ്റ്റർ പരിശോധിക്കാൻ സാധിച്ചിട്ടില്ല

താഴെ പറയുന്ന RP-6 പ്രകാരമുള്ള ഗ്രാന്റുകളുടെ രജിസ്റ്റർ പരിശോധിക്കാൻ സാധിച്ചിട്ടില്ലാത്തതാണ്.

| ക്രമ നമ്പർ | ശീർഷകം |
|---|---|
| 1 | 160101500 – Grants For Festivals |
| 2 | 160101200 – Library Grants |
| 3 | 160200100 - Reimbursement Of Expenses |

### 1-11-14 അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല

അഡ്വാൻസ് രജിസ്റ്ററിൽ താഴെക്കൊടുത്തിരിക്കുന്നവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

1) Advance To Implementing Agencies – Municipal Fund (460500201)

2) Electricity Deposits(460600100)

460100100- Housing Loan To Employees ഇനത്തിൽ 2018-19 വർഷത്തിൽ 11,000 രൂപയുടെ നീക്കിയിരിപ്പുണ്ട്. ആയത് സംബന്ധിച്ച് 2019-20 വർഷത്തിലെ രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല.

### 1-11-15 ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണ്ണമാണ്

ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണ്ണമാണ്. RP-27 ഹെഡിലെ ഇനങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

### 1-11-16 ലേലം രജിസ്റ്ററിലെ ഡി സി ബി വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

ലേലം രജിസ്റ്ററിലെ ഡി സി ബി വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

### 1-11-17 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിലെ തുകയും പാർട്ട് ബില്ലുകൾ നൽകിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/20 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2020 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 36,33,584/- രൂപയാണ്. എന്നാൽ 31/3/2020ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 2,19,20,290/- രൂപയാണ്.

പാർട്ട് ബിൽ നല്കിയതായി എഞ്ചിനീയർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരമുള്ള പല പ്രോജക്ടുകളും ലെഡ്ജറിൽ ഉൾപെടുത്തിയിട്ടില്ല. ഏതാനം ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

A) പ്രൊ നമ്പർ 190/2019

പാർട്ട് ബിൽ പ്രകാരം നൽകിയ തുക 2,50,000

ബിൽ തീയതി 10.6.2019

B) പ്രൊ നമ്പർ 162/2019

പാർട്ട് ബിൽ പ്രകാരം നൽകിയ തുക 4,97,197

ബിൽ തീയതി 19.3.2020

### 1-11-18 തൊഴിലുറപ്പ് പദ്ധതി - രജിസ്റ്ററിലെ വിവരങ്ങൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ചെലവ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററിലെ വിവരങ്ങൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. ക്യാഷ്ബുക്ക് പ്രകാരം 66,18,960/- രൂപയും വാർഷികകണക്ക് പ്രകാരം 57,67,422/- രൂപയുമാണ് ഉള്ളത്. വ്യത്യാസത്തിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/18.02.2022) Payment ചെയ്തപ്പോൾ Head മാറിപ്പോയതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ്. Wages (Other Creditors) ഇനത്തിലും പ്രിന്റിങ് ഇനത്തിലും തെറ്റായി തുക

ചേർത്തതുമൂലമാണ് ഇപ്രകാരം സംഭവിച്ചത്. മേലിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 രസീതുകളുടെ പരിപാലനം - അപാകതകൾ

നഗരസഭയിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും കളക്ഷൻ രജിസ്റ്ററും അക്കൗണ്ടും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. സർക്കലർ 58725/എഫ്.എം.3.2008/ തസ്വഭവ/ 26.5.11 പ്രകാരം തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്ന് നിഷ്കർഷിക്കുന്നു. ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്താൻ പാടുള്ളതുമല്ല. നഗരസഭക്ക് ട്രഷറി അക്കൗണ്ടിന് പുറമെ തനത് ഫണ്ടിനായി വിവിധ ബാങ്കുകളിലായി താഴെ കൊടുത്തിരിക്കുന്ന പ്രകാരം ഒന്നിലേറെ ബാങ്ക് അക്കൗണ്ടുകൾ നിലവിലുണ്ട്.

| ക്രമ നമ്പർ | ബാങ്ക് | അക്കൗണ്ട് നമ്പർ |
|---|---|---|
| 1 | SBI | 67149638980 |
| 2 | PNB | 4262000100079139 |
| 3 | Canara Bank | 1989101022177 |
| 4 | SBI | 34830667792 |
| 5 | Kerala Bank | 450230100 |

അധികമുള്ള അക്കൗണ്ടുകൾ ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന ഓഡിറ്റ് എൻക്വയറിക്ക് (നം.64/4.3.22) മറുപടി നൽകിയിട്ടുണ്ട്.പ്രസ്തുത അപാകത 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുള്ളതാണ്. അധികമുള്ള ബാങ്ക് അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് ക്ലോസ് ചെയ്യേണ്ടതാണ്.

2. കേരള മുൻസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ,2007 ചട്ടം 74 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിൽ ഒഴികെ, ലഭിച്ച രസീതി ബുക്കുകൾ പൂർണമായും ഉപയോഗിച്ച തീരുകയും കൌണ്ടർ ഫോയിൽ നഗരസഭയിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്കുകൾ നൽകുവാൻ പാടുള്ളതല്ല. എന്നാൽ ശ്രീ. ഷമീർ പ്രൊജക്ട് ഓഫീസർ (യു.പി.എ.സി) എന്നവർ താഴെ കൊടുത്തിരിക്കുന്ന പ്രകാരം ഒരേ തീയതിയിൽ ഒന്നിലേറെ രസീത് ബുക്കുകൾ കൈവശം വെച്ചിട്ടുണ്ട്.

| ക്രമ നമ്പർ | തീയതി | സ്വീകരിച്ച രസീത് ബുക്കുകളുടെ എണ്ണം |
|---|---|---|
| 1 | 20.2.2020 | 7 |
| 2 | 2.3.2020 | 10 |
| 3 | 9.3.2020 | 10 |
| 4 | 17.3.2020 | 5 |

3. രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപെടുത്തിയിട്ടില്ല. ഉദാ: രസീത് നമ്പർ 16701, 16702

## 1-13 ലേലം-തുക മുഴുവനായും അടവാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷത്തെ ബസ് സ്റ്റാൻഡ് ടെർമിനലിനകത്തെ ടി വി പരസ്യത്തിന്റെ കുത്തക ലേലം 36,000 രൂപക്ക് ശ്രീ. യാക്കൂബ്, കരാമവളപ്പിൽ എന്നവർക്കു ഉറപ്പിച്ച നൽകിയിട്ടുണ്ട്. ലേല തുകയുടെ മൂന്നിൽ ഒരു ഭാഗം (12000) രസീത് നമ്പർ 121779 തീ : 20.3.2019 പ്രകാരം ശ്രീ. യാക്കൂബ് തുക അടവാക്കിയിട്ടുണ്ട്. ലേല രജിസ്റ്റർ പ്രകാരം ബാക്കി 24,000 രൂപ അടവാക്കാനുണ്ട്. എന്നാൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ പ്രസ്തുത തുക ഉൾപ്പെട്ടിട്ടില്ല. ബാക്കി തുകയെ കുറിച്ച് അന്വേഷിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.69/5.3.22) മറുപടി ലഭ്യമാക്കിയില്ല. ബാക്കി തുക (24000 രൂപ) അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 നഗരസഭ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ഡി ആൻഡ് ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

നഗരസഭ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ താഴെ പറയുന്ന കെട്ടിടങ്ങൾ 2019-20 വർഷത്തിൽ ഡി ആൻഡ് ഒ ലൈസൻസ് എടുക്കാതെ പ്രവൃത്തിച്ച വരുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വാടകക്കാരന്റെ പേര്/സ്ഥാപനം |
|---|---|---|
| പഴയ നഗരസഭ കെട്ടിടം | | |
| 1. | 16/65 | ലോട്ടറി |
| 2. | 16/68A | മോട്ടോർ വെഹിക്കിൾ |
| 3. | 16/68 | ലോട്ടറി |
| 4. | 16/70 | കെ.എം.ജയരാജ് |
| 5. | 16/71 | മുരളി |
| 6. | 16/72 | പി.പി.ഗോപാലൻ |
| 7. | 16/93 | സിയാദ് |
| 8. | 16/93A | അഷറഫ് |
| 9. | 16/91 | പി.സി.ഫ്രാൻസിസ് |
| 10. | 16/90 | ദേവകി |
| 11. | 16/89 | അഷറഫ് |

| | | |
|---|---|---|
| 12. | 16/88 | പി.എൽ.കൊച്ചൗസേപ്പ് |
| 13. | 16/86 | ഇ.പി.മുഹമ്മദ്കുട്ടി |
| 14. | 16/85 | നബീസ |
| 15. | 16/86B | പി.വി.ജോസ് |
| 16. | 16/87A | പി.കെ.മുഹമ്മദ് |
| 17. | 16/79 | പി.കെ.അബൂബക്കർ |
| എം.വി.എ. ഷോപ്പിങ്ങ് കോംപ്ലക്സ് | | |
| 18. | 16/137 | നാരത് ഉസ്മാൻ |
| 19. | 16/128 | മൂസക്കുട്ടി ഹാജി |
| 20. | 16/128A | മൂസക്കുട്ടി ഹാജി |
| 21. | 16/148 | ഹെഡ് ലോഡ് വർക്കേഴ്സ് |
| 22. | 16/149 | ഇ വേവ് സൊല്യൂഷൻസ് |
| 23. | 16/151 | ഗവ.സർവീസ് സൊസൈറ്റി |
| പഴയ സ്റ്റാൾ | | |
| 24. | 16/96 | പതുകാനി |
| 25. | 16/98 | കാർത്യായനി |
| 26. | 16/106 | അബ്ദുൾഖാദർ |
| 27. | 16/116 | ലത്തീഫ് |
| 28. | 16/107 | പ്രസാദ് |
| വഞ്ചിക്കടവ് | | |
| 29. | 16/196 | ഖാദർമോൻ |
| 30. | 16/197 | ഫിഷ്സൊസൈറ്റി |
| 31. | 16/203 | അബു വലിയപീടിയേക്കൽ |
| 32. | 16/204 | ജോഷി പി.ജെ. |
| ബസ് സ്റ്റാൻഡ് ഷോപ്പിങ് കോംപ്ലക്സ് | | |
| 33. | 15/531A | കമാർ |
| 34. | 15/540 | ഹിലാർ |
| 35. | 15/538 | മുഹമ്മദ് വി.ടി. |
| ബസ് സ്റ്റാൻഡ് – പുതിയ സ്റ്റാൾ | | |
| 36. | 15/573 | മണികണ്ഠൻ |
| 37. | 15/571 | പദ്മനാഭാൻ |
| 38. | 15/568 | ഉഷ മണി |
| 39. | 15/566 | ദയാനന്ദൻ |
| 40. | 15/565 | നൂറുദ്ധീൻ |
| 41. | 15/560 | ദിവ്യ |
| 42. | 15/559 | ഇബ്രാഹിം |
| 43. | 15/556 | ജോൺസൺ |
| പുളിച്ചിറക്കെട്ട | | |
| 44. | 25/201 | ദിലീപ് |
| 45. | 25/200 | ദിലീപ് |
| 46. | 25/205 | ഷാജഹാൻ |
| 47. | 25/204 | ധർമേഷ് |
| 48. | 25/202 | ഗിരീഷ് , ജിമീഷ് |
| ബസ് സ്റ്റാൻഡ് ബിൽഡിങ്ങ് – പുതിയത് | | |
| 49. | 15/ 517 | അബു രാമനാഥ |
| 50. | 15/ 518 | മുഹമ്മദലി |
| 51. | 15/ 541D | ജോർജ് |
| 52. | 15/ 541C | മർച്ചന്റ് |
| 53. | 15/ 541B | ഷുക്കൂർ |
| ബസ് സ്റ്റാൻഡ് ബിൽഡിങ്ങ് – കിഴക്ക് ഭാഗം | | |
| 54. | 15/ 595 | ഗണേഷ് |

| | | |
|---|---|---|
| 55. | 15/ 595F | ബഷീർ |
| 56. | 15/ 595H | ശാലിനി |
| 57. | 15/ 595J | ഗണേഷ് കെ.വി. |
| 58. | 15/ 530A15 | ദയാനന്ദൻ |
| 59. | 15/ 530A21 | പ്രസിഡന്റ്,പ്രവാസി |
| പച്ചക്കറി ചന്ത | | |
| 60. | 16/89B | കഫേശ്രീ |
| 61. | 16/89A | മാമ്മി |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 60/3.3.22) മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി

I) നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന 23 റേഷൻ കടകൾ, 4 കള്ള് ഷാപ്പുകൾ, 4 പെട്രോൾ പമ്പുകൾ എന്നിവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും അടവാക്കിയിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 8/15.2.22) മേൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. ഇവരിൽ നിന്നും തൊഴിൽ നികുതി ചുമത്തി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ ചട്ടം 3)

II) 2019-20 വർഷത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | വാർഡ് നമ്പർ | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|
| 1. | വിഷൻ കേബിൾ നെറ്റ്വർക്ക് | 1 | I,II |
| 2. | വെങ്കലത്ത് ട്രേഡേഴ്സ് | 1 | I,II |
| 3. | ഇലക്ട്രിക്കൽ റിപ്പയറിംഗ് | 1 | I,II |
| 4. | തറവാട് ഫാമിലി റെസ്റ്റോറന്റ് | 3 | I,II |
| 5. | അൽ അമീൻ റെസ്റ്റോറന്റ് | 3 | I,II |
| 6. | ടെൽസ്റ്റാർ കമ്മ്യൂണിക്കേഷൻ | 3 | I,II |
| 7. | വി.കെ.കെ. അലുമിനിയം ഫാബ്രിക്കേഷൻ | 7 | I,II |
| 8. | സ്കൈ ബ്ലൂ പ്രാനെറ്റ്സ് | 7 | I,II |
| 9. | ലിയോ പ്ലേസ്കൂൾ(8/37) | 8 | I,II |
| 10. | ന്യൂ മമ്മിയൂർ ഡ്രൈവിംഗ് സ്കൂൾ(8/315) | 8 | I,II |
| 11. | ചിത്രാസ് സ്റ്റുഡിയോ(9/12) | 8 | II |
| 12. | ചെമ്മണ്ണൂർ ബിൽഡേഴ്സ്(9/17) | 9 | I,II |
| 13. | ഗുരുവായൂർ മോട്ടോഴ്സ്(9/53,58,58A) | 9 | I,II |
| 14. | ബ്ലൂ മൂൺ ബ്രിഡ്ജ് റിപ്പയറിങ്(9/44) | 9 | I,II |
| 15. | ഡാലിയ കമ്മ്യൂണിക്കേഷൻ(9/8) | 9 | I,II |
| 16. | ദേവലോകം കുറീസ്(9/295) | 9 | I,II |
| 17. | വർക്ക് ഷോപ്പ്(9/331) | 9 | I,II |
| 18. | ഹാർഡ് വെയർ(9/330) | 9 | I,II |
| 19. | ബി.എസ്.എൻ.എൽ. ഓഫീസ് | 9 | I,II |
| 20. | അക്വാ സിൻസ് വാട്ടർ ഫിൽട്ടർ | 9 | I,II |
| 21. | ജിയോ ഡിസ്ട്രിബ്യൂട്ടർ(9/258) | 9 | I,II |
| 22. | ന്യൂ കാഡ് കമ്പ്യൂട്ടർ സെന്റർ(10/350) | 10 | I,II |
| 23. | എം.പി. ഓയിൽ(13/9) | 13 | II |
| 24. | ഡ്രൈ ക്ളീനിങ്(13/12) | 13 | II |
| 25. | കേരള ട്രേഡിങ്ങ് കമ്പനി(14/73) | 14 | I,II |
| 26. | സ്റ്റേഷനറി(14/72) | 14 | I,II |
| 27. | പ്രിന്റിങ്(14/324) | 14 | I,II |

| | | | |
|---|---|---|---|
| 28 | അറേബ്യൻ ബേക്കറി(14/294) | 14 | I,II |
| 29. | സ്പോർട്സ് ഐറ്റം ചലഞ്ചേഴ്സ് | 15 | I,II |
| 30. | ബാറ്ററി ഷോറൂം(15/71) | 15 | I,II |
| 31. | റെഡി മെയ്ഡ്(15/82) | 15 | I,II |
| 32. | ഗാനം ഇലക്ട്രോണിക്സ്(15/110) | 15 | I,II |
| 33. | എം.ക്യൂബ് | 15 | I,II |
| 34. | സുധർമ ലബോറട്ടറീസ്(15/106) | 15 | I,II |
| 35. | Q-10 റെഡി മെയ്ഡ് ഷോപ് | 15 | I,II |
| 36. | നോബിൾ വിമൺ സെന്റർ | 15 | I,II |
| 37. | റിഫയ് വേൾഡ് | 15 | I,II |
| 38. | വൈറ്റ് പേൾ ഫാൻസി | 15 | I,II |
| 39. | ഫാൻസി ഹയർ പർച്ചേസ് | 15 | I,II |
| 40. | ഐശ്വര്യ ഹോട്ടൽ(15/576) | 15 | I,II |
| 41. | ADS മൊബൈൽ(15/565) | 15 | I,II |
| 42. | കൂൾഡ്രിങ്ക്സ്(15/558) | 15 | I,II |
| 43. | ബ്രദേഴ്സ് ഇലെക്ട്രിക്കൽസ് | 15 | I,II |
| 44. | ക്വാളിറ്റി ചെക്ക് ലാബ്(15/620K) | 15 | I,II |
| 45. | ബ്യൂട്ടി സോൺ | 15 | I,II |
| 46. | കേക്ക് സ്റ്റോറീസ് | 15 | I,II |
| 47. | ശാലിനി ടെക്സ്റ്റൈൽസ് | 15 | I,II |
| 48. | പിങ്ക് റെഡിമെയ്ഡ് | 15 | I,II |
| 49. | ഗോൾഡൻ ഫർണീച്ചർ | 15 | I,II |
| 50. | ദേശ് സിൽക്ക്(16/36) | 16 | I,II |
| 51. | ഇ.പി. സൂപ്പർമാർക്കറ്റ്(16/61,62,63) | 16 | I,II |
| 52. | ശാന്തിനികേതൻ(16/70,71,72,73) | 16 | I,II |
| 53. | കോളേജ് ഓഫ് കൊമേഴ്സ്(16/65) | 16 | I,II |
| 54. | കഫേശ്രീ | 16 | I,II |
| 55. | ഹസൻസ് ഏജൻസീസ് | 16 | I,II |
| 56. | റെഡ് റോസ് ലേഡീസ് ഷോപ് | 16 | I,II |
| 57. | നിഷാദ് ബ്യൂട്ടിപാർലർ | 16 | I,II |
| 58. | പ്രൊഫഷണൽ കമ്പ്യൂട്ടേഴ്സ് | 16 | I,II |
| 59. | ബ്യൂട്ടീഷണൽ സെന്റർ സുമ്പ ഡാൻസ് | 16 | I,II |
| 60. | ഹീര ഹോട്ടൽ(16/541) | 16 | II |
| 61. | മുത്തൂറ്റ് എക്സ്ചേഞ്ച് | 16 | I,II |
| 62. | അറേബ്യൻ റെഡി മെയ്ഡ്(16/574) | 16 | I,II |
| 63. | മർഹബ പെർഫ്യൂംസ്(16/591) | 16 | I,II |
| 64. | എൽദോ ഫുട്‌വെയർ(16/600) | 16 | I,II |
| 65. | സീതാറാം ബജാജ് | 16 | I,II |
| 66. | സൗത്ത് ഇന്ത്യൻ ബാങ്ക് | 16 | II |
| 67. | തത്ത ഓട്ടോമൊബൈൽസ് | 17 | I,II |

ഓരോ വർഷവും നഗരസഭാപരിധിയിലുള്ള സ്ഥാപനങ്ങൾ സ്ഥലപരിശോധന നടത്തി നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും അവയിൽ പ്രവർത്തിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (ഓഡിറ്റ് എൻക്വയറി നം.8 തീയതി.15.02.22)ത്തിന് മേൽ സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അടവാക്കാനുള്ള നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

III) ജീവനക്കാരുടെ ഓരോ അർദ്ധവർഷത്തെയും മൊത്തവരുമാനത്തിന്റെ ചട്ട പ്രകാരമുള്ള സ്ലാബിനനുസൃതമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി സ്ലാബിൽ നിന്നും കുറവാണ് ഈടാക്കിയിരുന്നത്.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് / തസ്തിക | സ്ഥാപനത്തിന്റെ പേര് | മൊത്ത വരുമാനം | ഈടാക്കിയ തുക | സ്ലാബ് പ്രകാരം ഈടാക്കേണ്ട തുക | വ്യത്യാസം |
|---|---|---|---|---|---|---|
| 1. | മേഘ ബാലചന്ദ്രൻ (SWDA) | പഞ്ചാബ് നാഷണൽ ബാങ്ക് | 1,68,902 (ഒന്നാം അർദ്ധവർഷം) | 1000 | 1250 | 250 |
| 2. | മണികണ്ഠൻ സി.എ. പോളിനേറ്റർ | സീഡ് ഡെവലൊപ്മെൻറ് ഓഫീസ് | 65,700 (രണ്ടാം അർദ്ധവർഷം) | 450 | 600 | 150 |
| 3. | മണികണ്ഠൻ (GDSMD) | ചാവക്കാട് പോസ്റ്റോഫീസ് | 1,22,002 (രണ്ടാം അർദ്ധവർഷം) | 750 | 1000 | 250 |
| 4. | വിജയലക്ഷ്മി (MTs) | ചാവക്കാട് പോസ്റ്റോഫീസ് | 1,24,320 (ഒന്നാം അർദ്ധവർഷം) | 750 | 1000 | 250 |
| ആകെ | | | | | | 900 |

മേൽ ജീവനക്കാരിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. നഗരസഭയിലെ എല്ലാ വാർഡുകളിലും പ്രാദേശിക പരിശോധന നടത്തി, മുഴുവൻ സ്ഥാപനങ്ങളും അടങ്ങുന്ന ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മുനിസിപ്പൽ എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതു പ്രകാരം 2019- 20 വർഷത്തിൽ താഴെ പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 70/5/3/22)

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1. | സുരേഷ് കെ.എസ്. |
| 2. | പി.പി. സുനിൽ കുമാർ |
| 3. | ഇ.എം. വിബിൻദാസ് |
| 4. | പി. നന്ദകുമാർ |
| 5. | സി.വി. ശശികുമാർ |
| 6. | സി.എം. ബിജു |
| 7. | കെ.സി. ബിജു |
| 8. | കെ.പി. രഘുനാഥ് |
| 9. | അനിൽ കുമാർ പി. |
| 10. | സി.പി. വിനോദ് കുമാർ |
| 11. | ടി.സി.അമീറലി |
| 12. | പി.ജി. പുഷ്പാകരൻ |
| 13. | മുഹ്സിൻ മുഹമ്മദ് |
| 14. | കുഞ്ഞി മൊയ്ദു ഹാജി |
| 15. | ടി.എച് റഹീം |
| 16. | ടി.സി. കോയ |
| 17. | റോയമോൻ കെ.ഇ. |
| 18. | എം.ജി.കിരൺ |
| 19. | എൻ.പി. മുഹമ്മദ് മോൻ |

## 1-17 റെഗുലറൈസേഷൻ ഫീ പെർമിറ്റ് ഫീസിനോട് ചേർത്ത് വാർഷിക കണക്കു തയ്യാറാക്കുന്നു

2019 – 20 വർഷത്തിൽ ബിൽഡിങ് റെഗുലറൈസേഷൻ ഫീസ് ഇനത്തിൽ ഈടാക്കുന്ന തുക ബിൽഡിങ് പെർമിറ്റ് എന്ന ഹെഡിൽ ചേർത്താണ് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയിട്ടുള്ളത്.

2019-20-ൽ 45 കെട്ടിടങ്ങൾക്ക് റെഗുലറൈസേഷൻ ഫീ ഈടാക്കിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച റെഗുലറൈസേഷൻ ഫീ ബിൽഡിങ് പെർമിറ്റിനോട് ചേർത്താണ് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയിട്ടുള്ളത്. ആയതുകൊണ്ട് കൃത്യമായ രീതിയിൽ ഈ തുക കണക്കാക്കാനാകുന്നില്ല. ശരിയായ ഹെഡുകളിൽ വരവുകൾ രേഖപ്പെടുത്തിയാൽ മാത്രമേ

നഗരസഭയെ സംബന്ധിക്കുന്ന വസ്തുതകൾ പ്രതിഫലിക്കുന്ന ശരിയായ കണക്ക് ലഭിക്കുകയുള്ളൂ .

Permit Fee For Construction Of Building – Head Code – 140129900

Building Regularisation Fee -Head Code – Head Code – 140150100, ആയെന്നിരിക്കെ കൃത്യമായ രീതിയിൽ റെഗുലറൈസേഷൻ ഫീ അടവാക്കിയത് വേർതിരിച്ച് രേഖപ്പെടുത്താത്തതിന് കാരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 54 തീയതി: 2.3.22) ഭാവിയിൽ ഇത്തരത്തിൽ പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീ എന്നിവ വ്യത്യസ്ത ഹെഡുകളിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-18 ബൈലോകൾക്ക് സർക്കാർ അംഗീകാരം വാങ്ങേണ്ടതാണ്

1. ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ

ജി.ഒ (എം.എസ്)105/97/തദ്ദേശഭരണവകുപ്പ് വിജ്ഞാപന പ്രകാരം ഷോപ്പിംഗ് സെന്റർ ഉള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ബൈലോകൾ നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും നഗരകാര്യ ഡയറക്ടറിൽ നിന്നുള്ള അംഗീകാരം വാങ്ങിയിട്ടില്ല. നഗരസഭാ കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക വർദ്ധനവ് വരുത്തുകയാണ് ചെയ്യുന്നത്.

2. ക്രിമറ്റോറിയം -ബൈലോ

ക്രിമറ്റോറിയം നടത്തിപ്പുമായി ബന്ധപ്പെട്ട് ഒരു ബൈലോ നഗരസഭയ്ക്ക് നിലവിലില്ല. ശ്മശാന നടത്തിപ്പ് സംബന്ധിച്ച് ബൈലോ തയ്യാറാക്കി സർക്കാറിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. ശ്മശാന നടത്തിപ്പ് അംഗീകരിക്കപ്പെട്ട ബൈലോയുടെ അടിസ്ഥാനത്തിലാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-19 കടമുറി വാടക - അപാകതകൾ

താഴെക്കൊടുത്തിരിക്കുന്ന കടമുറികൾ വാടകയ്ക്കെടുത്തിരിക്കുന്നവരുടെ വാടകകുടിശ്ശിക ഓഡിറ്റ് കാലയളവിലും നിലനില്ക്കുന്നുണ്ട്. (ഓഡിറ്റ് എൻക്വയറി നം. 72/5.3.22)

| ക്രമ നം. | കടമുറി വാടകയ്ക്കെടുത്ത വ്യക്തി | കെട്ടിട നം. | യഥാർത്ഥത്തിൽ അടവാക്കാൻ ബാക്കിയുള്ളത് | അടവാക്കിയത് | കുടിശ്ശിക |
|---|---|---|---|---|---|
| 1 | ഇ.പി.മുഹമ്മദുകുട്ടി | XVI/63 | 32996 | 27448 | 5548 |
| 2 | കെ.എം.ജയരാജ് | XVI/70 | 26334 | 22382 | 3952 |
| 3 | അഷറഫ് | XVI/93A | 13296 | - | 13296 |
| 4 | റീജണൽ മാനേജർ, കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം വീവേഴ്സ് സൊസൈറ്റി | XVI/112 | 2177 | - | 2177 |
| 5 | ഇ.പി. പാത്തുമ്മ | XVI/111 | 1137 | - | 1137 |
| 6 | വി.പി. മുഹമ്മദ് റഷീദ് | XV/ 545 | 3585 | - | 3585 |
| 7 | കെ.വി.സിദ്ധാർത്ഥൻ | XV/ 572 | 1478 | - | 1478 |
| 8 | ദിവ്യ കണ്ണൻകേരൻ | XV/ 560 | 4434 | - | 4434 |
| 9 | സെക്രട്ടറി, കഫേശ്രീ റസ്റ്റോറന്റ് | XVI/ 89B/89G | 78725 | - | 78725 |
| 10 | ബുഷറ | സ്റ്റാൾ നം.10 | 60000 | - | 60000 |
| 11 | ഫസലുദ്ദീൻ | സ്റ്റാൾ നം.11 | 60000 | - | 60000 |

വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

## 1-20 CRZ കൺകറൻസ് ലഭിച്ചതിലും ഉപരിയായി നിർമ്മാണം നടത്തിയ വാണിജ്യകെട്ടിടത്തിൻമേൽ - തുടർനടപടികൾ സ്വീകരിക്കാൻ കാലതാമസം നേരിടുന്നു.

മണത്തല വില്ലേജിൽ 360/2/1, 360/2/17 എന്നീ സർവേ നമ്പറുകളിൽ ഉൾപ്പെട്ട സ്ഥലത്ത് നിലവിലുള്ള XXIII/31, 31A മുതൽ 31 F വരെയുള്ള നമ്പറുകളായ കെട്ടിടത്തിനോട് ചേർന്ന് എക്സ്റ്റെൻഷൻ നടത്തുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായി 11.8.17 ന് ശ്രീ. കെ.എം. വേലുണ്ണി, കണ്ണംശാമ്പുരാക്കൽ വീട്,മണത്തല എന്ന വ്യക്തി അപേക്ഷ സമർപ്പിക്കുകയുണ്ടായി. നിലവിലുള്ള കെട്ടിട വിസ്തീർണ്ണം 120.15 ച.മീ. എന്നാണ് കക്ഷി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ നിലവിലുള്ള കെട്ടിടത്തിന്റെ പെർമിറ്റ് നൽകിയത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. റവന്യൂ രേഖകൾ പ്രകാരം XI D മുതൽ L വരെയുള്ള കെട്ടിടമുറികൾക്ക് ആകെ 175.36 ച.മീ. ന് വസ്തു നികുതി ഈടാക്കുന്നുണ്ട്. റവന്യൂ സെക്ഷനിലെ വിവരവും പ്ലാനിൽ രേഖപ്പെടുത്തിയ അളവുകളും പൊരുത്തപ്പെടാത്തതിനാലും നിർമ്മാണസ്ഥലം High Tide Line(CRZ) മേഖല ആയതിനാലും CRZ Concurrence- നായി അയച്ചു.

ആയതിന് താഴെ പറയും പ്രകാരം അപ്പ്രൂവൽ ലഭിച്ചു. മെമ്പർ സെക്രട്ടറി, കേരള കോസ്റ്റൽ മാനേജ്മന്റ് അതോറിറ്റിയുടെ 31 .01 .2019 ലെ 1872/

എ 2 / 2018 / KCZMA നമ്പർ പ്രകാരം മണത്തല വില്ലേജിലെ സർവേ നമ്പർ 360/2/1, 360/2/17 എന്ന സ്ഥലത്ത് 120.15 ച.മീ. (Existing Plinth Area) + 353.79 ച.മീ.(proposed Extension Area) = 473.94 ച.മീ. ആയി പരിമിതപ്പെടുത്തി (ഉയരം-7.85 മീ.) വാണിജ്യകെട്ടിടം പണിയുവാനും ആയത് കടലിന്റെ High Tide Line-ൽ നിന്നും 138 .50 മീ. അകലത്തിൽ (CRZ-II Nd കാറ്റഗറി ) കെട്ടിടം പണിയുവാനമാണ് അനുമതി നൽകിയിരിക്കുന്നത്.

CRZ Concurrence ലഭിച്ചതിനെ തുടർന്ന് പെർമിറ്റ് നൽകുന്ന കാര്യത്തിലേക്കായി സ്ഥലപരിശോധന നടത്തിയപ്പോൾ CRZ അധികാരികൾ അനുവാദം നൽകിയതിന് ഉപരിയായി വീണ്ടും നിർമ്മാണ പ്രവർത്തനം നടത്തിയതായി കാണുകയും തുടർന്ന് 10.4.19 ന് അധിക നിർമ്മാണം പൊളിച്ച് മാറ്റുകയോ അല്ലെങ്കിൽ പരിഷ്കരിച്ച അനുമതി CRZ ൽ നിന്ന് ലഭ്യമാക്കുവാനോ നഗരസഭ നോട്ടീസ് മുഖാന്തിരം അറിയിച്ചു. തുടർന്ന് 17.7.19ന് കക്ഷി തൊട്ടടുത്ത ഭൂമി വാങ്ങിക്കുന്ന ആവശ്യത്തിലേക്കായി സാവകാശസമയം ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്ന് യാതൊരു നടപടിയും സ്വീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

ആയതിനാൽ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റിയോ/കെട്ടിട ഉടമ പരിഷ്കരിച്ച പ്ലാൻ സമർപ്പിച്ചുവോ എന്നുള്ള വിവരങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കുവാൻ താത്പ്പര്യപ്പെടുന്നു.
മാത്രമല്ല, നോട്ട് ഫയലിൽ XXIII/31, 31A മുതൽ 31 F വരെയുള്ള നമ്പറുകളായ കെട്ടിടത്തിനോട് ചേർന്ന് എക്സ്റ്റെൻഷൻ നടത്തുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കക്ഷിയുടെ എക്സിസ്റ്റിങ് ബിൽഡിങ് XXIII/31 D മുതൽ L എന്നാണ് റവന്യൂ രേഖകൾ വ്യക്തമാക്കുന്നത്. നോട്ട് ഫയലിലെ ഇത്തരത്തിലുള്ള പൊരുത്തക്കേടുകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കണമെന്നുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം. 37/25.02.2022) ലഭ്യമായ മറുപടിയിൽ കെട്ടിട നമ്പർ ശരിയായി രേഖപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും അനധികൃത നിർമ്മാണം സംബന്ധിച്ച് മറ്റൊരു ഫയലിൽ നടപടി സ്വീകരിക്കണമെന്നും പുനർനിർമ്മാണം നടത്തിയോ പൊളിച്ചു കെട്ടുകയോ ചെയ്തിട്ടില്ലെന്നും സൂചിപ്പിച്ചിട്ടുണ്ട്. തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 മൊബൈൽ ടവറുകൾ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു.

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറുകൾ വസ്തുനികുതി കുടിശ്ശിക വരുത്തിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ പട്ടികപെടുത്തുന്നു.

| ക്രമ നമ്പർ | ടവർ കെട്ടിട നമ്പർ | ഉടമയുടെ പേര് | കുടിശ്ശിക കാലയളവ് | അടവാക്കേണ്ട തുക |
|---|---|---|---|---|
| 1. | 16/77A | അലക്സ് മാത്യൂസ് , ടാറ്റ ടെലി സർവീസ് | 2005 -06 II മുതൽ 2021-22 I + II | 71,700 |
| 2. | 15/185F | റിലയൻസ് ഇൻഫോ കോം ലിമിറ്റഡ് , കൊച്ചി | 2016 -17 I+II മുതൽ 2021-22 I + II | 36,252 |
| 3. | 18/69A | ഡെപ്യൂട്ടി ജനറൽ മാനേജർ , കൊച്ചി | 2016-17 II മുതൽ 2021-22 I + II | 82,350 |
| 4. | 22/276 | വയർലെസ്സ് TT ,ഇൻഫോ സർവീസ് ലിമിറ്റഡ് | 2013-14 I+II മുതൽ 2021-22 I + II | 1,20,600 |
| 5. | 27/153 | BSNL , സിവിൽ സബ്ഡിവിഷൻ | 2008 -09 II മുതൽ 2021-22 I + II | 1,85,928 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ :47/28-02-2022) തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആയത് അടവാക്കി വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-22 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി പൂർണ്ണമായും ഒഴിവാക്കി നൽകിയിരിക്കുന്നു- രേഖകൾ ലഭ്യമല്ല.

നഗരസഭ പരിധിയിലുള്ള താഴെ പറയുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വസ്തുനികുതി/ ഉപനികുതി എന്നിവയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കി നൽകിയിരിക്കുന്നു. എന്നാൽ നികുതി ഒഴിവാക്കി നല്കിയതിനുള്ള കാരണം സഞ്ചയയിൽ ചേർത്തിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ(സ്ഥാപനം) |
|---|---|
| 1. | 32 / 225 |
| 2. | 32 / 226 |
| 3. | 32 / 227 |

| | |
|---|---|
| | (ബേക്കറി) |
| 4. | 32 / 228<br>(Coconut ഓയിൽ മിൽ-37.71 മീ.) |
| 5. | 32 / 229<br>(ഐസ് ബ്ലോക് മാനുഫാക്ടറിങ് യൂണിറ്റ്-37.71 മീ. ) |
| 6. | 32 / 230 |
| 7. | 32 / 231 |
| 8. | 32 / 232 |
| 9. | 32 / 233 |
| 10. | 32 / 234 |

ഇത്തരത്തിൽ നികുതി ഒഴിവാക്കുന്നതിനുള്ള കാരണം രേഖകൾ സഹിതം വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ : 46 /28-02-2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന് മറുപടിയായി ടി കെട്ടിടങ്ങളെല്ലാം വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്റ്റാളുകളാണെന്നും ആയതിന് നമ്പറുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും കെട്ടിട നികുതി ചുമത്തിയിട്ടില്ല. എന്നാൽ കെട്ടിടനികുതി പൂർണ്ണമായും ഒഴിവാക്കിയതിന്റെ ഉത്തരവുകളോ രേഖകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സ്പഷ്ടീകരണത്തിനായി ജില്ലാ വ്യവസായകേന്ദ്രത്തിന് കത്തയച്ചതായും ലഭ്യമാകുമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 വാണിജ്യ കെട്ടിടങ്ങൾ പാർപ്പിടാവശ്യ കെട്ടിടത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു.

2019-20 വർഷത്തിൽ നഗരസഭയിൽ നിന്ന് ഡി ആൻഡ് ഒ ലൈസൻസ് എടുത്ത് പ്രവൃത്തിച്ചു വരുന്ന താഴെ പറയുന്ന വാണിജ്യ സ്ഥാപനങ്ങൾ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഗണം തെറ്റായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയത് മൂലം വസ്തുനികുതി തെറ്റായി നിർണയിച്ചിരിക്കുന്നതായി കാണുന്നു. ഇത്തരത്തിലുള്ള അപാകതക്ക് കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 45 / 28-02-2022) ചുവടെ പട്ടിക പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട് .

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് , കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഫോം 6 പ്രകാരം കെട്ടിടത്തിന്റെ ഗണം | ഈടാക്കുന്ന വസ്തു നികുതി നിരക്ക് | ഈടാക്കുന്ന വസ്തു നികുതി(സർവീസ് ചാർജ്,ലൈബ്രറി സെസ്സ് ഉൾപ്പടെ) | ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടി | ഓഡിറ്റ് നിർദ്ദേശം |
|---|---|---|---|---|---|---|---|
| 1 | ശ്രീചിത്ര ആയുർഹോം 18/223 | 687.26 ച.മീ. | പാർപ്പിടാവശ്യം | 10 | 77,625 | തരം മാറ്റി നികുതി പരിഷ്കരിക്കുന്ന നടപടി സ്വീകരിക്കുന്നതാണ്. | പ്രാദേശിക പരിശോധന നടത്തി, സ്ഥാപനം പ്രവർത്തിച്ചു തുടങ്ങിയത് മുതലുള്ള നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. |
| 2 | ശ്രീചിത്ര ആയുർവേദ നഴ്സിങ് ഹോം 26/77 | 268 ച.മീ. | പാർപ്പിടാവശ്യം | 10 | 5,060 | തരം മാറ്റി നികുതി പരിഷ്കരിക്കുന്ന നടപടി സ്വീകരിക്കുന്നതാണ്. | പ്രാദേശിക പരിശോധന നടത്തി, സ്ഥാപനം പ്രവർത്തിച്ചു തുടങ്ങിയത് മുതലുള്ള നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. |
| 3. | ഹോട്ടൽ ഗോൾഡൻ ബീച്ച് ലോഡ്ജ് 23/18 | 120 ച.മീ. | പാർപ്പിടാവശ്യം | 10 | 1,610 | തരം മാറ്റി നികുതി പരിഷ്കരിക്കുന്ന നടപടി സ്വീകരിക്കുന്നതാണ്. | പ്രാദേശിക പരിശോധന നടത്തി, സ്ഥാപനം പ്രവർത്തിച്ചു തുടങ്ങിയത് മുതലുള്ള നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. |
| 4. | ഫർണീച്ചർ മാനുഫാക്ചർ ആൻഡ് സെയിൽ 32/11 | 84.57 ച.മീ. | പാർപ്പിടാവശ്യം | 10 | 219 | ലൈസൻസ് തെറ്റായി 32 /11 നൽകി. യഥാർത്ഥത്തിൽ 32/232,233,234 എന്നീ കെട്ടിടങ്ങൾക്കാണ് ലൈസൻസ് നൽകേണ്ടിയിരുന്നത്. | മറുപടി അംഗീകരിക്കാവുന്നതല്ല. പ്രാദേശിക പരിശോധന നടത്തി, സ്ഥാപനം പ്രവർത്തിച്ചു തുടങ്ങിയത് മുതലുള്ള നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 . | ആയുർവേദ മരുന്ന് നിർമ്മാണം 8/ 274 | 16 .59 ച.മീ. | പാർപ്പിടാവശ്യം | 10 | 284 | തരം മാറ്റി നികുതി പരിഷ്കരിക്കുന്ന നടപടി സ്വീകരിക്കുന്നതാണ്. | പ്രാദേശിക പരിശോധന നടത്തി, സ്ഥാപനം പ്രവർത്തിച്ചു തുടങ്ങിയത് മുതലുള്ള നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. |
| 6. | ആയുർവേദ മരുന്ന് നിർമ്മാണം 8/ 275 | 16 .59 ച.മീ. | പാർപ്പിടാവശ്യം | 10 | 230 | തരം മാറ്റി നികുതി പരിഷ്കരിക്കുന്ന നടപടി സ്വീകരിക്കുന്നതാണ്. | പ്രാദേശിക പരിശോധന നടത്തി, സ്ഥാപനം പ്രവർത്തിച്ചു തുടങ്ങിയത് മുതലുള്ള നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. |
| 7. | മൊബൈൽ ഫോൺ ഷോപ് 8/ 301 | 35 ച.മീ. | പാർപ്പിടാവശ്യം | 10 | 63 | ലൈസൻസ് തെറ്റായി 8 /301 നൽകി. യഥാർത്ഥത്തിൽ 8 /308 കെട്ടിടത്തിനാണ് ലൈസൻസ് നൽകേണ്ടിയിരുന്നത് | വാണിജ്യാവശ്യത്തിനു നൽകിയ കെട്ടിടത്തിന് തന്നെ ലൈസൻസ് അനുവദിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |

## 1-24 വസ്തുനികുതി നിർണ്ണയം - മേഖല,വഴി സൗകര്യം എന്നിവ ഭരണസമിതി അംഗീകരിച്ചവയിൽ നിന്നും വിഭിന്നമായി കണക്കാക്കി വരുന്നു..

I) കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) 2011 ചട്ടങ്ങളിലെ ചട്ടം-7 പ്രകാരം മുനിസിപ്പാലിറ്റി ഭൂപ്രദേശത്തെ മുഴുവനായും 6 ആം ചട്ടത്തിന്റെ ആവശ്യത്തിലേക്കായി പ്രസ്തുത ചട്ടത്തിന് കീഴിലുള്ള 1 ആം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായി പ്രദേശങ്ങളെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ വിവിധ മേഖലകളായി തരം തിരിക്കണമെന്ന് വ്യക്തമാക്കുന്നുണ്ട്. 6 ആം ചട്ടത്തിന്റെ 1 ആം പട്ടികയിൽ മേഖലകൾ പ്രദേശത്തിന്റെ വികസനത്തിലാവണം തരം തിരിവെന്ന് വ്യക്തമാക്കുന്നുണ്ട്. ആയവക്ക് വസ്തു നികുതി നിർണ്ണയം നടത്തുമ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ ഇളവുകളും വർദ്ധനവും (ചട്ടം 6 പ്രകാരം) അനുവദിക്കുന്നുണ്ട്.

എന്നാൽ പ്രസ്തുത ചട്ടത്തിന്റെ ഉദ്ദേശ്യത്തിന് വിരുദ്ധമായാണ് നഗരസഭയിൽ നികുതി നിർണ്ണയം നടത്തി വരുന്നത്. ആയത് വ്യക്തമാക്കുന്ന ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. ഭരണസമിതി അംഗീകരിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിലല്ല നികുതി നിർണ്ണയങ്ങൾ നടത്തിയിരിക്കുന്നത്. ഏതാനും കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചതിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ ചേർക്കുന്നു.

മേഖല

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് , കെട്ടിട നമ്പർ, വാർഡിന്റെ പേര്/ ഭാഗം | ഫോം 6 പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല | ഭരണ സമിതി അംഗീകരിച്ച റോഡിന്റെ മേഖല | ഈടാക്കുന്ന വസ്തു നികുതി (സർവീസ് ചാർജ്,ലൈബ്രറി സെസ്സ് ഉൾപ്പടെ ) | ഓഡിറ്റ് നിർദ്ദേശം |
|---|---|---|---|---|---|
| 1. | പാർപ്പിടാവശ്യം 6/218(1) മുക്കട്ട-പുന്ന | പ്രഥമം | ഭരണ സമിതി അംഗീകരിച്ച മേഖല ലിസ്റ്റിൽ 6 ആം വാർഡ് പൂർണ്ണമായും ദ്വിതീയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. | 266.65 ച. മീ 3680.00 | ഭരണ സമിതി അംഗീകരിച്ച മേഖല ലിസ്റ്റിൽ 6 ആം വാർഡ് പൂർണ്ണമായും ദ്വിതീയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടി കെട്ടിടത്തിനെ പ്രഥമമേഖലയിൽ ഉൾപ്പെടുത്തി, മേഖലക്ക് നൽകാവുന്ന 10 % ഇളവ് നൽകിയിട്ടില്ല . |
| 2. | പാർപ്പിടാവശ്യം 29/131(1) അയിനിപ്പുള്ളി റോഡ് | പ്രഥമം | ഭരണ സമിതി അംഗീകരിച്ച മേഖല ലിസ്റ്റിൽ ഉൾപ്പെടുന്നില്ല. | 173.25 ച. മീ 2391.00 | ഭരണ സമിതി അംഗീകരിച്ച പ്രഥമമേഖല ലിസ്റ്റിൽ അയിനിപ്പുള്ളി റോഡ് ഉൾപ്പെടുന്നില്ല. |

| | | | | | |
|---|---|---|---|---|---|
| | | | | | മേഖലക്ക് ഇളവോ വർദ്ധനവോ നൽകിയിട്ടില്ല. |
| 3. | പാർപ്പിടാവശ്യം 29 / 107 (1 ) നെൽസൺ മണ്ടേല റോഡ് | ദ്വിതീയം | ഭരണ സമിതി അംഗീകരിച്ച മേഖല ലിസ്റ്റിൽ ഉൾപ്പെടുന്നില്ല. | 115.8 ച. മീ 1201.00 | ഭരണ സമിതി അംഗീകരിച്ച ദ്വിതീയമേഖല ലിസ്റ്റിൽ 29-ാം വാർഡിലെ നെൽസൺ മണ്ടേല റോഡ് ഉൾപ്പെടുന്നില്ല. എന്നിട്ടും മേഖലക്ക് 10 % ഇളവ് നൽകിയിട്ടുണ്ട്. |
| 4. | പാർപ്പിടാവശ്യം 17/30 A പുന്ന റോഡ് | പ്രഥമം | ഭരണ സമിതി അംഗീകരിച്ച മേഖല ലിസ്റ്റിൽ ഉൾപ്പെടുന്നില്ല. | 92.41 ച. മീ 1276.00 | ഭരണ സമിതി അംഗീകരിച്ച പ്രഥമമേഖല ലിസ്റ്റിൽ 17-ാം വാർഡിലെ പുന്ന റോഡ് ഉൾപ്പെടുന്നില്ല.<br><br>മേഖലക്ക് ഇളവോ വർദ്ധനവോ നൽകിയിട്ടില്ല. |
| 5. | 29/65(1) ആഡിറ്റോറിയം കോട്ടപ്പുറം ബീച്ച് റോഡിൽ നിന്നും ബൈ റോഡ് | പ്രഥമം | ഭരണ സമിതി അംഗീകരിച്ച മേഖല ലിസ്റ്റിൽ ഉൾപ്പെടുന്നില്ല. | 309.51 ച. മീ 12281 | ഭരണ സമിതി അംഗീകരിച്ച പ്രഥമമേഖല ലിസ്റ്റിൽ 29-ാം വാർഡിലെ കോട്ടപ്പുറം ബീച്ച് റോഡിൽ നിന്നും ബൈ റോഡ് ഉൾപ്പെടുന്നില്ല.<br><br>മേഖലക്ക് ഇളവോ വർദ്ധനവോ നൽകിയിട്ടില്ല. |

മേൽ സൂചിപ്പിച്ച അപാകതകൾ മൂലം ഒരേ വാർഡിന്റെ വികസിത മേഖലയിലും അവികസിത മേഖലയിലും ഉള്ള നികുതിദായകർക്ക് അർഹമായ ഇളവ് നഷ്ട്ടപ്പെടുന്നതിനോ അനർഹമായ ഇളവ് ലഭിക്കുന്നതിനോ സാഹചര്യമുണ്ടാക്കുന്നു.

II) കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) 2011 ചട്ടങ്ങളിലെ ചട്ടം-8 പ്രകാരം മുനിസിപ്പാലിറ്റി പരിധിയിലെ റോഡുകൾ തരം തിരിച്ച വിജ്ഞാപനത്തിൽ നിന്നും വ്യത്യസ്തമായാണ് നിലവിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വസ്തു നികുതി വർദ്ധനവ് കണക്കാക്കുന്നത്.
സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് നടത്തി വരുന്ന വസ്തുനികുതി നിർണ്ണയത്തിൽ വാർഡ് സെലക്ട് ചെയ്യുമ്പോൾ ആ വാർഡിൽകൂടി കടന്നു പോകുന്ന എല്ലാ റോഡുകളുടെയും വിവരം, റോഡിന്റെ വീതിയുൾപ്പെടെ സ്ക്രീനിൽ വരേണ്ടതും ആയതിനനുസരിച്ച് റോഡ് സെലക്ട്ചെയ്യാൻ സാധിക്കേണ്ടതുമാണ്. എന്നാൽ ചില സംഗതികളിൽ ആ വാർഡിൽകൂടി കടന്നുപോകുന്ന റോഡിന്റെ പേരും മറ്റുവിവരവും വരാതിരിക്കുകയും അത്തരം സാഹചര്യത്തിൽ നികുതി നിർണ്ണയം നടത്തുന്ന ക്ലാർക്കുമാർ 'മറ്റുള്ളവ' എന്ന ഓപ്ഷൻ തെരെഞ്ഞെടുക്കുകയും അവിടെ റോഡിന്റെ പേര് മാനുവലായി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത്തരം മാനുവൽ ഇൻപുട്ടാണ് ചില നികുതി നിർണ്ണയത്തിൽ നടക്കുന്നത്. ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിലെ നാലു ഓപ്ഷനുകളിൽ വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയിൽ, നികുതി നിർണ്ണയം നടത്തുന്ന ജീവനക്കാർ, മേല്പറഞ്ഞതിൽ ഏതു തരമാണെന്ന് ഒന്നുകിൽ സ്വയം തീരുമാനിക്കുകയോ, അല്ലെങ്കിൽ സമർപ്പിച്ച സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ വീതി സ്വീകരിക്കുകയോ ചെയ്യുന്നതായി കാണുന്നു. ഇപ്രകാരം റോഡിന്റെ തരം നിശ്ചയിക്കുന്നത് സ്ഥാപനത്തിന് വൻ നികുതി നഷ്ടം വർഷാവർഷം സംഭവിക്കുന്നതിന് കാരണമാകുന്നുണ്ടെന്ന് കാണാം. ആയത് വ്യക്തമാക്കുന്ന ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

റോഡിന്റെ വീതി

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് , കെട്ടിട നമ്പർ, റോഡിന്റെ പേര് | ഫോം 6 പ്രകാരം റോഡിന്റെ വീതി | ഭരണ സമിതി അംഗീകരിച്ച റോഡിന്റെ വീതി | ഈടാക്കുന്ന വസ്തു നികുതി(സർവീസ് ചാർജ്,ലൈബ്രറി സെസ്സ് ഉൾപ്പടെ ) | ഓഡിറ്റ് നിർദ്ദേശം |
|---|---|---|---|---|---|
| 1. | ഗ്രോസറി ഷോപ്പ് 6/33 പുന്ന മുക്കട്ടക്കൽ | 1.5 മീറ്ററിൽ കൂടുതൽ (ഇളവോ വർദ്ധനവോ | 5.5 മീ. | 12.67 ച.മീ. 817.00 | പുന്ന മുക്കട്ടക്കൽ റോഡ് എന്നത് ഭരണ സമിതി അംഗീകരിച്ചത് |

| | | | | | |
|---|---|---|---|---|---|
| | റോഡ് | നൽകിയിട്ടില്ല.) | | | പ്രകാരം 5 മീ.കൂടുതലാണ്. എന്നാൽ വസ്തു നികുതി നിർണ്ണയിക്കുമ്പോൾ ആയത് 1.5 മീറ്ററിൽ കൂടുതൽ എന്ന രീതിയിൽ നിശ്ചയിച്ചു. ആയത് മൂലം വഴി സൗകര്യത്തിന് 20% വർദ്ധനവ് ഈടാക്കിയിട്ടില്ല. |
| 2. | പാർപ്പിടാവശ്യം 29/131(1) അയിനിപ്പുള്ളി റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ (വഴി സൗകര്യത്തിന് 20 % വർദ്ധനവ് ഈടാക്കിയിട്ടുണ്ട്.) | ഭരണ സമിതി അംഗീകരിച്ച റോഡിന്റെ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല. | 173.25 ച.മീ. 2391.00 | അയിനിപ്പുള്ളി റോഡ് ഭരണ സമിതി അംഗീകരിച്ച റോഡിന്റെ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല. റോഡുകൾ നോട്ടിഫൈ ചെയ്ത് പുതുക്കി നിശ്ചയിക്കേണ്ടതാണ്. |
| 3. | പാർപ്പിടാവശ്യം 17/30 A പുന്ന റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ (വഴി സൗകര്യത്തിന് 20 % വർദ്ധനവ് ഈടാക്കിയിട്ടുണ്ട്.) | ഭരണ സമിതി അംഗീകരിച്ച റോഡിന്റെ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല. | 92.41 ച. മീ 1276.00 | പുന്ന റോഡ് ഭരണ സമിതി അംഗീകരിച്ച റോഡിന്റെ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല. റോഡുകൾ നോട്ടിഫൈ ചെയ്ത് പുതുക്കി നിശ്ചയിക്കേണ്ടതാണ്. |
| 4. | പാർപ്പിടാവശ്യം 23/286(1) ദ്വാരക ബീച്ച് റോഡ് | 5 മീറ്ററോ അതിൽ കുടുതൽ | ഭരണ സമിതി അംഗീകരിച്ച റോഡിന്റെ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല. | 222.57 ച. മീ 2561.00 | ദ്വാരക ബീച്ച് റോഡ് ഭരണ സമിതി അംഗീകരിച്ച റോഡിന്റെ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല. റോഡുകൾ നോട്ടിഫൈ ചെയ്ത് പുതുക്കി നിശ്ചയിക്കേണ്ടതാണ്. |

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

നഗരസഭയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവം സമാഹരിക്കുന്നത് പ്രധാനമായും നികുതികളിലൂടെയാണ്. ഇത് പൂർണ്ണതോതിൽ സമാഹരിച്ചെങ്കിൽ മാത്രമേ സേവന പ്രവർത്തനങ്ങളും വികസനപ്രവർത്തനങ്ങളും നടപ്പാക്കാൻ സാധിക്കൂ. ഇതിനായി നികുതികളിലെ പ്രധാനപ്പെട്ട വസ്തുനികുതി കുറ്റമറ്റ രീതിയിൽ നിർണ്ണയിച്ചിട്ടുണ്ടെന്നും അവ പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്. വസ്തു നികുതി നിർണ്ണയം നടത്തുമ്പോൾ മേഖല, വഴി സൗകര്യം എന്നിവ അടിസ്ഥാനമാക്കി വർദ്ധനവ്, ഇളവ് എന്നിവ നൽകുമ്പോൾ ഭരണസമിതി അംഗീകരിച്ച ലിസ്റ്റിനെ മുൻ നിർത്തിയാകണം ആയത് കണക്കാക്കേണ്ടത്. നികുതി നിർണ്ണയത്തിന് ചട്ടത്തിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് അടിയന്തിര പ്രാധാന്യത്തോടെ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 67/4/3/22)

## 1-25 സ്പോർട്സ് കൗൺസിൽ രൂപീകരിക്കണം

14/2/18 തിയ്യതിയിലെ സ.ഉ.(കൈ) നമ്പർ 22/18 ത.സ്വ.ഭ.വ. മാർഗ്ഗരേഖ പ്രകാരം പതിമൂന്നാം പദ്ധതിയിൽ കായിക രംഗത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ കൂടുതൽ സജീവമായി ഇടപെടേണ്ടതിന്റെ ആവശ്യകത ഊന്നി പറയുന്നുണ്ട്. ജനങ്ങളുടെ കായികവും മാനസികവുമായ ആരോഗ്യം ഉറപ്പ് വരുത്താനും ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കാനും ഇത് ആവശ്യമാണ്. എന്നാൽ ചാവക്കാട് നഗരസഭയിൽ ആവശ്യത്തിന് കളിക്കളങ്ങളുണ്ടോയെന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/21-2-22) ലഭ്യമാക്കിയ മറുപടി പ്രകാരം നിലവിൽ കളിക്കളങ്ങൾ ഇല്ലായെന്നും, സ്വന്തമായി സ്റ്റേഡിയം നിർമിക്കാനായി 3.4 ഏക്കർ ഭൂമി വാങ്ങിയിട്ടുണ്ടെന്നും, നഗരസഭയുടെ കീഴിലുള്ള സ്കൂളുകളിൽ കളിക്കളങ്ങളുണ്ടെന്നും അറിയിച്ചിട്ടുണ്ട്, ജനസാന്ദ്രതയേറിയ നഗര പ്രദേശമായതിനാൽ ഭൂമിയുടെ ലഭ്യത കുറവ് വിശാലമായ കളിക്കളങ്ങൾ നിർമിക്കുന്നത് അപ്രായോഗികമാക്കുന്നുണ്ടെങ്കിൽ നിലവിലുള്ള കളിക്കളങ്ങൾ നവീകരിക്കുന്നതാണ് കരണീയം, എന്നിരുന്നാലും ചെറിയ ടർഫുകൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ മുതലായവ നിർമിക്കുന്നതിന് സാദ്ധ്യത കാണുന്നു. ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്, സ്കൂൾ കുട്ടികൾക്ക് അത്‌ലറ്റിക്സ് പരിശീലനം തുടങ്ങിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്. ആയതിനാൽ സ്പോർട്സ് കൗൺസിൽ എത്രയും വേഗം രൂപീകരിച്ച് കളിക്കളങ്ങളിലേക്ക് വ്യായാമത്തിനും, ഉല്ലാസത്തിനുമായി പൊതുജനങ്ങൾ വരുന്ന സാഹചര്യം

ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-26 മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല

മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 വർഷത്തിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക 38,000 രൂപ നാളിതുവരെയായി ക്രമീകരിച്ചിട്ടില്ലായെന്ന് കാണുന്നു ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 59) തിയതി. 3/3/22 ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ ക്രമീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമെന്നറിയിച്ചിട്ടുണ്ട് ജി.ഒ(പി)419/11 ധന 4/10/11, കെ.എഫ്.സി അനുഛേദം 99 എന്നിവ പ്രകാരം താൽകാലിക അഡ്വാൻസുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. ബിൽ സമർപ്പിച്ചിട്ടും പൂർണ്ണമായും വിനിയോഗിക്കാത്ത അഡ്വാൻസ് തുകക്ക് വർഷത്തേക്ക് 18 ശതമാനം നിരക്കിൽ പലിശ ഈടാക്കണം. സമയ പരിധിക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ മുൻകൂർ തുകയും അടിയന്തരമായി തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിക്കണം.

## 1-27 വെള്ളക്കരം -സംയുക്ത പരിശോധന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം.

നഗരസഭയിൽ നിലവിലുള്ള പൊതുടാപ്പുകളുടെ 2019-20 വർഷത്തെ വെള്ളക്കരമിനത്തിൽ തൻമാസ ഡിമാന്റും, കുടിശ്ശികയും, പിഴയും സഹിതം 4,17,54,879 രൂപയുടെ ഡിമാന്റ് കേരള വാട്ടർ അതോരിറ്റിയിൽ നിന്ന് ലഭിച്ചിട്ടുള്ളതാണ്. ഇത്രയും വലിയ തുകക്കുള്ള ഡിമാന്റ് ലഭിക്കാനുള്ള സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5 തിയ്യതി 17/2/22)ലഭ്യമാക്കിയ മറുപടി പ്രകാരം 2015ൽ നടത്തിയ സംയുക്ത പരിശോധനയിൽ ഉപയോഗശൂന്യമായി കണ്ടെത്തിയ 114 ടാപ്പുകളുടെ കരം നാളിതുവരെയായി ഒഴിവാക്കിയിട്ടില്ലെന്നും ആയത് ഒഴിവാക്കുന്നതിനായി വാട്ടർ അതോരിറ്റിക്ക് കത്ത് നൽകിയെങ്കിലും അനുകൂല നടപടികൾ ഉണ്ടാകാത്ത സാഹചര്യത്തിൽ ബഹു. ജലസേചന വകുപ്പ് മന്ത്രിക്കും, വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർക്കും കത്ത് നൽകിയിട്ടുണ്ടെങ്കിലും യാതൊരു അനുകൂല നടപടിയും ഉണ്ടായില്ലായെന്നും മാസം തോറും നഗരസഭക്ക് ലഭിക്കുന്ന ബില്ലിൽ കുറവ് വരുത്താത്തതിനാലും കുടിശ്ശിക ഡിമാന്റ് കൂടിവരുന്ന സാഹചര്യത്തിൽ 372 പൊതുടാപ്പുകൾക്ക് 7884 രൂപ വീതം 2,44,404 രൂപ മാസം തോറും അടവാക്കുന്നുണ്ടെന്നുമാണറിയിച്ചിരിക്കുന്നത് .തനത് ഫണ്ടിൽ നിന്ന് ഇത്രയും വലിയ തുകക്കുള്ള ചെലവ് വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി സംയുക്ത പരിശോധന നടത്തുന്നതിനായി വാട്ടർ അതോരിറ്റിക്ക് കത്ത് നൽകി നടപടികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കേണ്ടതും കുടിശ്ശികയും മറ്റും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-28 ജിയോടാഗിങ്ങ് നടപടികൾ പൂർത്തിയാക്കണം

2019-20 സാമ്പത്തിക വർഷത്തിൽ പി.എം.എ.വൈ./ലൈഫ് ഭവന പദ്ധതി പ്രകാരം ഭവനം നിർമ്മാണം പൂർത്തിയാക്കി അവസാന ഗഡു തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ കൃത്യമായി ജിയോടാഗ് ചെയ്തിട്ടുണ്ടോയെന്ന വിവരത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 19 തീയതി. 22.02.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ജിയോടാഗിങ്ങ് നടപടികൾ പൂർത്തിയായി വരുന്നുണ്ടെന്നും, ജിയോടാഗിങ്ങ് സൈറ്റുമായി ബന്ധപ്പെട്ട സാങ്കേതിക തകരാർ മൂലമാണ് പ്രവർത്തികൾ വൈകിയതെന്നുമാണറിയിച്ചിട്ടുള്ളത്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുന്ന വീടുകളുടെ നിർമ്മാണത്തിന്റെ തുടക്കത്തിലും പൂർത്തീകരണ ഘട്ടത്തിലും ജിയോടാഗ്ഗിങ്ങ് ചെയ്യേണ്ടതാണ്. ഭവനം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ മുമ്പിൽ നിന്നും എടുത്തിട്ടുള്ള ഫോട്ടോകൾ മൊബൈൽ ആപ്ലിക്കേഷനിലൂടെ വേണം ജിയോടാഗ്ഗിങ്ങ് ചെയ്യേണ്ടത്. ഫൗണ്ടേഷൻ പൂർത്തിയാകുന്നതിന് മുമ്പായി ആദ്യ ഫോട്ടോ എം.ഐ.എസിലേക്ക് നിർവ്വഹണോദ്യോഗസ്ഥൻ അപ്ലോഡ് ചെയ്യേണ്ടതാണ്. നിർവഹണം പൂർത്തിയാകുമ്പോൾ അന്തിമ ഗഡു നൽകുന്നതിന് മുമ്പായി പൂർത്തീകരിച്ച ഭവനത്തിന് മുന്നിൽ ഗുണഭോക്താവിനെ നിർത്തി ഒരിക്കൽ കൂടി ജിയോടാഗ്ഗിങ്ങ് നടത്തേണ്ടതാണ്.

സ.ഉ (കൈ) നം. 137/2018/ത.സ്വ.ഭ.വ. തിയ്യതി. 24/9/18 പ്രകാരം ലൈഫ് മിഷൻ പദ്ധതിക്കായി ദേശീയ തൊഴിലുറപ്പ് പദ്ധതിയും, കുടുംബശ്രീയും സംയോജിച്ച് ഭവന നിർമ്മാണ സാമഗ്രികളുടെ നിർമ്മാണ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്. എന്നാൽ അത്തരം യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ലായെന്നാണ് ടികാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ധാരാളം ഗുണഭോക്താക്കളുള്ള സാഹചര്യത്തിൽ ഭവന നിർമ്മാണ യൂണിറ്റുകൾ തുടങ്ങുന്നതിന്റെ സാധ്യതകൾ പരിശോധിക്കപ്പെടേണ്ടതാണ് .

16-7-19 തിയ്യതിയിലെ സ.ഉ (എം.എസ്) നം.91/19 ത.സ്വ.ഭ.വ. പ്രകാരം ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ ഭവന സമുച്ചയാധിഷ്ഠിത പുനരധിവാസത്തിന് മുൻഗണന നൽകേണ്ടതാണ്. രണ്ടാം വാർഡിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 44 യൂണിറ്റ് ഭവന സമുച്ചയം വിഭാവനം ചെയ്തിട്ടുണ്ടെന്നാണ് ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 19/19.02.22 മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ടി ആവശ്യത്തിന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിശോധിക്കപ്പെടേണ്ടതാണ്. ആയതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധയുണ്ടാവേണ്ടതാണ്.

## 1-29 ധനകാര്യ കമ്മീഷൻ ഫണ്ട് വിനിയോഗം മാർഗ്ഗരേഖ പ്രകാരമല്ല

പദ്ധതി നമ്പർ – 187/19-20

ചാവക്കാട് താലൂക്ക് ആശുപത്രി ലേബർ കോംപ്ലക്സ്- എയർ കണ്ടീഷൻ അനുബന്ധ സൗകര്യങ്ങൾ

നിർവ്വഹണം – മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി

അടങ്കൽ ----30,200/-

ചെലവ് --18,380/-

ട്രഷറി ബിൽ നമ്പർ -3/19-20 തിയതി. 19.03.20

ഈ പദ്ധതി പ്രകാരം ധനകാര്യ കമ്മീഷൻ ഫണ്ട് ഉപയോഗിച്ച് ചാവക്കാട് താലൂക്ക് ആശുപത്രി ലേബർ കോംപ്ലക്സ് എയർ കണ്ടീഷൻ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ. മാർഗ്ഗരേഖ 6/6-1പ്രകാരം ടി ഫണ്ട് ഇത്തരം ആവശ്യങ്ങൾക്ക് വിനിയോഗിക്കാവുന്നതല്ല. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.42 തിയതി 4.3.22) ലഭ്യമാക്കിയ മറുപടി പ്രകാരം നഗരസഭക്ക് കൈമാറി കിട്ടിയ സ്ഥാപനമായതിനാലും, അടിയന്തര പ്രാധാന്യമുള്ള പ്രവർത്തിയായതിനാലുമാണ് ടി ഫണ്ട് വിനിയോഗിച്ചിട്ടുള്ളതെന്നുമാണ് അറിയിച്ചിട്ടുള്ളത്. മേലിൽ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-30 ഒരേ ഇൻവോയ്സ് പ്രകാരം രണ്ട് പ്രാവശ്യം തുക നല്കി.

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ.

പ്രോജക്ട് നമ്പർ - SO13/20. അനുപൂരക പോഷകാഹാര പദ്ധതി.

ട്രഷറി ബിൽ നം. 5/2019 -20.dtd. 19.11.19. തുക 148122/ -

ട്രഷറി ബിൽ നം.7/2019 – 20. Dtd.23.12.19. തുക 397865/-

അങ്കണവാടികൾക്ക് ഭക്ഷ്യവസ്തുക്കൾ വാങ്ങി വിതരണം ചെയ്യുന്നതിന് ട്രഷറി ബിൽ 5/2019-20 പ്രകാരം തുക പിൻവലിക്കുകയും ഇൻവോയ്സ് നമ്പർ 0803109/191674 Dtd 24.10.19 പ്രകാരം കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ചാവക്കാട് ടൗൺ എന്ന സ്ഥാപനത്തിന് നല്കിയിട്ടുള്ളതും ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ട്രഷറി—ബിൽ 7/19 -20 പ്രകാരം 3,97,865/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് അങ്കണവാടികൾക്ക് ഭക്ഷ്യവസ്തുക്കൾ വാങ്ങി വിതരണം ചെയ്യുന്നതിന് ഉപയോഗിച്ചിട്ടുള്ളതാണ്. എന്നാൽ മുകളിൽ പറഞ്ഞിരിക്കുന്ന ഇൻവോയ്സ് പ്രകാരമുള്ള ചെലവുകൾ ഇതിൽ വീണ്ടും ഉൾപ്പെടുന്നുണ്ട്. സ്റ്റോക്കിൽ ബിൽ നമ്പർ 5 പ്രകാരമുള്ളതു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി നം 51 നുള്ള മറുപടിയിൽ ഒരേ ഇൻവോയ്സ് രണ്ട് പ്രവശ്യം സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും ലഭിച്ചതിനാൽ തെറ്റായി തുക നല്കിയതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഭക്ഷ്യ വസ്തുക്കൾ ഒരു പ്രാവശ്യം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കൈപ്പറ്റ് രശീത് വാങ്ങി സൂക്ഷിച്ചിട്ടില്ല. അധികം നല്കിയ തുക നാളിതുവരെയായിട്ടും തിരികെ ഈടാക്കുകയോ തുടർന്നു വന്നിരുന്ന ബില്ലിൽ ക്രമപ്പെടുത്തുകയോ ചെയ്തിട്ടില്ല. അധികം നല്കിയ തുക സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക 148122/ - രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 പിൻവലിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥ – പ്രോജക്ട് ഓഫീസർ, UPA Cell.

പ്രോജക്ടിന്റെ പേര്, നമ്പർ -അഗതി രഹിത കേരളം -ഭവന പുനരുദ്ധാരണം(SC)

ട്രഷറി ബിൽ നം.9/2019 -20. Dtd. 22.10.2019. 500000/ -

അഗതിരഹിത കേരളം - ഭവന പുനരുദ്ധാരണം എന്ന പ്രോജക്ടിന്റെ നടത്തിപ്പിനായി മേൽ ട്രഷറി ബിൽ പ്രകാരം 5,00,000/- രൂപ പിൻവലിച്ചിട്ടുണ്ട്. ശ്രീമതി ചന്ദ്രവെങ്കളത്ത് എന്ന വ്യക്തിക്ക് ഭവന പുനരുദ്ധാരണത്തിനായി 1,50,000/– രൂപയും, ശ്രീ അപ്പുണ്ണി എന്ന വ്യക്തിക്ക് 1,00,000/- രൂപയും നല്കിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്കായി നല്കിയ തുകയിൽ വിനിയോഗിക്കാതെ 2,50,000/– അവശേഷിക്കുന്നു. ഓഡിറ്റ് എൻക്വയറി 14 നുള്ള മറുപടിയിൽ തുക നിർവ്വഹണ ഉദ്യോഗസ്ഥയുടെ പേരിലുള്ള പഞ്ചാബ് നാഷണൽ ബാങ്കിലേക്ക് നഗരസഭ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുള്ളതാണെന്നും ചെലവഴിക്കാതെ അവശേഷിക്കുന്ന എന്നും അറിയിച്ചിട്ടുണ്ട്. തൻവർഷം ചെലവഴിക്കാത്ത പദ്ധതി തുക സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. തുക അനുവദിക്കപ്പെട്ട അതേ ശീർഷകത്തിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 അഗതി രഹിത കേരളം - ആശ്രയ അക്കൗണ്ടിൽ വൻതുക നീക്കിയിരിപ്പ്

സി.ഡിഎസ്.ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവരുടെ പേരിൽ പഞ്ചാബ് നാഷണൽ ബാങ്കിൽ A/C No.4262000100114186. അഗതി രഹിത കേരളം - ആശ്രയ പദ്ധതിയ്ക്ക് വേണ്ടി ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. 31.3.2020ലെ നീക്കിയിരിപ്പ് തുക 24,79,123.61/- രൂപയാണ്. അഗതി രഹിത കേരളം - ആശ്രയ പാക്കേജുകളിൽ വിവിധ പദ്ധതികൾ ഉള്ളപ്പോൾ സമൂഹത്തിലെ നിരാലംബരും നിർധനരുമായ ജനങ്ങൾക്ക് നല്കേണ്ട സേവനങ്ങൾ നല്കാതെ വൻതുക ബാങ്ക് അക്കൗണ്ടുകളിൽ കൂട്ടിയിടുന്നത് ശരിയായ നടപടിയല്ല. തുക ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം തുക തിരികെ സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-33 ചെലവു രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം, പേര് - SO08/20, കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ.

ട്രഷറി ബിൽ നം CB.No.13/2019-20. Dtd.29.6.19. തുക 9,00,000/-

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ടിൽ 2019 -20 വർഷത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് കണ്ടിജൻസി ചെലവുകൾക്കായി മേൽ തുക നല്കിയിട്ടുള്ളതാണ്. എന്നാൽ വെറ്ററിനറി ഹോസ്പിറ്റലിന് നല്കിയ 20,000/ - രൂപയുടേയും കൃഷിഭവൻ ചാവക്കാടിന്റെ 15,000/- രൂപയുടേയും ചെലവ് രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 35,000/ - രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.53/2.3.22)

## 1-34 ചെലവ് രേഖകൾ ഹാജരാക്കിയില്ല.

2019 – 20 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പദ്ധതികളിലെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ടിന്റെ പേര് / നമ്പർ | ബിൽ നം/ തിയതി | തുക |
|---|---|---|
| കുടിവെള്ള കണക്ഷൻ നൽകൽ (ജനറൽ) SO 204/20 | 3/19-20 തിയതി 30.04.19 | 20,000 |
| നഗരസഭ ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും SO 182/20 | 9/19-20 തിയതി. | 61,582 |

| | | |
|---|---|---|
| | 30.05.19 | |
| നഗരസഭ സ്വച്ഛ് ഭാരത് മിഷൻ (നഗരം) ഖരമാലിന്യ സംസ്കരണ പദ്ധതി SO 208/20 | 44/19-20 തിയതി. 30.09.19 | 66,741 |

ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 1,48,323/ - രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.60A/ Dtd.3.3.22.)

## 1-35 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 2019 -20 വർഷത്തെ വിവിധ പദ്ധതികളിലെ അപാകതകൾ.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 2019 -20 വർഷത്തെ വിവിധ പദ്ധതികളിലെ അപാകതകൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ടിന്റെ പേര്, നം. | ബിൽ നം/ തിയതി/ തുക | തുക നല്കിയിട്ടുള്ളത് | റിമാർക്ക്സ്. |
|---|---|---|---|
| ഐ.കെ.എം.പ്രവർത്തന ഫണ്ട്. പ്രോജക്ട് നമ്പർ 05/20 | CB.N0.11/19- 20 Dtd.29.6.19. 105635/ - | എക്സി.ഡയറക്ടർ, ഐ.കെ.എം. | കൈപ്പറ്റ് രശീത്, യു.സി. എന്നിവ ഹാജരാക്കിയിട്ടില്ല |
| വയോമിത്രം പദ്ധതി നമ്പർ 3/20 | CB.No.12/19 -20. Dtd.29.6.19. 1000000/ - | എക്സി.ഡയറക്ടർ, സോഷ്യൽ സെക്യൂരിറ്റി മിഷൻ | - ടി - |
| കാൻസർ പ്രതിരോധ പദ്ധതി. നമ്പർ So174/20 | CB.No.18/19 -20.dtd.29.6.19. 160000/ - | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്. | - ടി - |
| വിവിധ വാർഡുകളിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ So11/20 | CB.No.26/19 -20. Dtd.11.7.19. 248980/ - CB.No.25/19 -20. Dtd.11.7.19. 882133/ - | എക്സി,എഞ്ചി. KSEB, ചാവക്കാട് | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| എസ്.എസ്.എ.വിഹിതം. So09/20. | CB.No.46/19 -20. Dtd.30.9.2019. 3000000/ - | പ്രോജക്ട് ഓഫീസർ, SSK, തൃശ്ശൂർ | -ടി - |
| | | | |

ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും കൈപ്പറ്റ് രശീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ആയത് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-36 കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികൾ -ചെലവു രേഖകൾ ലഭ്യമാക്കാത്തതിനാൽ 2,72,592 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

കൃഷി ഓഫീസർ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട വൗച്ചറുകൾ, സ്റ്റോക്ക് രജിസ്റ്ററുകൾ, വിതരണ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രൊജക്ട് നമ്പർ -118/20 മത്തിക്കായലിൽ പുഞ്ചകൃഷി

അടങ്കൽ -5,00,000/-

ചെലവ്-1,29,600/-

ഫണ്ട്-വികസനഫണ്ട്(ജനറൽ)

ട്രഷറി ബിൽ- 14/31.01.20 തുക 1,29,600/-

വൗച്ചർ നം- 21901586/29.01.20

2. പ്രൊജക്ട് നമ്പർ - 117/20ഹരിത കേരളം -തെങ്ങിൻ തൈ വിതരണം

അടങ്കൽ -1,92,000/-

ചെലവ്- 44,250/-

ഫണ്ട് -വികസനഫണ്ട്(ജനറൽ)

ട്രഷറി ബിൽ – 16/19.02.20

വൗച്ചർ - 21901387/17.02.20

3. പ്രൊജക്ട് നമ്പർ - 213/20 സമഗ്ര പുരയിട കൃഷി വികസനം

അടങ്കൽ -51,119/-

ചെലവ്-51,109/-

ഫണ്ട് -വികസനഫണ്ട്(ജനറൽ)

ട്രഷറി ബിൽ-1/09.07.19

വൗച്ചർ-21900358/28.06.19

4. കൃഷി ഭവനിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും

പ്രൊജക്ട് നമ്പർ - 124/20

അടങ്കൽ -50,000/-

ചെലവ്-47,633/-

ഫണ്ട് -വികസനഫണ്ട്(ജനറൽ)

ട്രഷറി ബിൽ-13/13.01.20

വൗച്ചർ-21901295/16.12.19

രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി- 57/02.03.22)

ചെലവു രേഖകൾ ലഭ്യമാക്കാത്തതിനാൽ 2,72,592/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-37 ABC പ്രോഗ്രാം-വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

പ്രൊജക്റ്റ് – S0172/20

അടങ്കൽ – 3,00,000/-

ചെലവ് – 3,00,000/-

ഫണ്ട് – വികസന ഫണ്ട്

നിർവഹണ ഉദ്യോഗസ്ഥൻ - സീനിയർ വെറ്ററിനറി സർജൻ

ട്രഷറി ബിൽ – 1/22 -8 -19,

വൗച്ചർ നമ്പർ -21900803/21-8-19

പദ്ധതിയുടെ നിർവഹണത്തിനായി മേൽ ട്രഷറി ബിൽ പ്രകാരം തുക പിൻവലിച്ച്, കുടുംബശ്രീ ജില്ല മിഷൻ കോ ഓർഡിനേറ്റർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണ/വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല. വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-38 സെക്രട്ടറിയുടെ ശമ്പളം സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല

നഗര സഭാ സെക്രട്ടറിയുടെ ശമ്പളവും മറ്റ് അലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല, ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 2/17.2.22) ലഭ്യമാക്കിയ മറുപടി പ്രകാരം നഗര സഭാ സെക്രട്ടറിയുടെ ശമ്പളവും മറ്റലവൻസുകളും ട്രഷറിയിൽ അടവാക്കാറുള്ളതാണെന്നും, കോവിഡിനെ തുടർന്നുണ്ടായ സാമ്പത്തിക ബുദ്ധിമുട്ട് കാരണം തനത് ഫണ്ടിലുണ്ടായ കുറവ് മൂലം ഇപ്പോൾ അടവാക്കുന്നില്ലെന്ന് അറിയിച്ചു. നഗര സഭാ സെക്രട്ടറി മുൻസിപ്പാലിററി ജീവനക്കാരനല്ലാത്തതിനാൽ സേവനത്തിന് പ്രതിഫലം നൽകണമെന്നുള്ള വ്യവസ്ഥയുള്ളതിനാൽ ശമ്പളവും മറ്റ് അലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് മുടക്കം വരാതെ അടവാക്കേണ്ടതാണ്.

## 1-39 സ്യൂട്ട് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

നഗരസഭയിൽ തൻ വർഷത്തിൽ വിവിധ കേസുകളിലായി വക്കീൽ ഫീസിനത്തിൽ നാൽപ്പത്തിയാറായിരം രൂപ നൽകിയിട്ടുണ്ട്, എന്നാൽ ടി വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി കാണുന്നില്ല. കോടതി വ്യവഹാരങ്ങളെ സംബന്ധിച്ച സുപ്രധാന രേഖയായതിനാൽ കേസിന്റെ സീരിയൽ നമ്പർ, ഫയൽനമ്പർ, സ്യൂട്ട് നമ്പർ, കോടതി, അഡ്വക്കേറ്റിന്റെ വിവരങ്ങൾ, കേസിന്റെ സ്വഭാവം, കേസിന്റെ പുരോഗതി, ജഡ്ജ്മെന്റ് വിവരങ്ങൾ, അപ്പീൽ വിവരങ്ങൾ, ഫീസ് നൽകിയതിന്റെ വിവരങ്ങൾ, ആദായ നികുതി വിവരങ്ങൾ, തീർപ്പാകാതെ അവശേഷിക്കുന്ന കേസുകളുടെ വിവരങ്ങൾ മുതലായവ രേഖപ്പെടുത്തി സ്യൂട്ട് രജിസ്റ്റർ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-40 വാഹന പരിപാലനം അപാകതകൾ

നഗരസഭയിൽ ഉപയോഗത്തിലിരിക്കുന്ന കെ.എൽ.46.ടി-5377, കെ.എൽ.46 ടി 4340 ബൊലേറോ ജീപ്പുകൾ, കെ.എൽ 46-ടി- 230 മാരുതി സ്വിഫ്റ്റ്, കെ.എൽ 46 എഫ് 7473, കെ.എൽ 46 9457 ട്രാക്ടറുകൾ എന്നിവയുടെ ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) ലോഗ് ബുക്ക് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ഇന്ധനം നിറക്കുന്നത് ഫുൾ ടാങ്ക് കപ്പാസിറ്റിയിലല്ല.

3) ഇന്ധന ക്ഷമതാ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല, ആയതിനാൽ അത് പ്രകാരമുള്ള ഇന്ധനക്ഷമത വാഹനങ്ങൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) വാഹന ഉപയോഗത്തെ കുറിച്ചുള്ള പ്രതിമാസ സംക്ഷിപ്തവും, വാഹനത്തിൽ ഇന്ധനം നിറക്കുന്നതും ലോഗ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ 2/8/08 തിയ്യതിയിലെ നമ്പർ 41/2008/ധനം സർക്കുലർ പ്രകാരമുള്ള നിർദ്ധേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

4) മുനിസിപാലിറ്റി ചട്ടം 4 പ്രകാരം വാഹനങ്ങളുടെ വരവ് ചെലവ് സംബന്ധിച്ച റിപ്പോർട്ട് ഓരോ അർദ്ധ വർഷത്തിലും ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. ആയത് നൽകിയതായി കാണുന്നില്ല.

ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്. വാഹനത്തിന്റെ ഉപയോഗത്തെ കുറിച്ച് ചട്ടപ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-41 മരാമത്ത് പദ്ധതിപ്രവർത്തനങ്ങൾ-പൊതുനിരീക്ഷണങ്ങൾ

ആസ്തി രജിസ്റ്റർ ഒഴികെയുള്ള രജിസ്റ്ററുകളെല്ലാം കാര്യക്ഷമമായി സൂക്ഷിച്ചിട്ടുണ്ട്. പ്രവൃത്തികൾ സംബന്ധിച്ച നോട്ട് ഫയലുകളെല്ലാം ചിട്ടയായി സൂക്ഷിച്ചിട്ടുള്ളതാണ്. ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുന്ന കാര്യത്തിലും അപാകതകൾ ആവർത്തിക്കില്ല എന്നെടുത്ത തീരുമാനത്തിലും നിർവ്വഹണ ഉദ്യോഗസ്ഥർ കാണിച്ച ശുഷ്കാന്തി ശ്രദ്ധേയമാണ്.

സാമ്പത്തികവർഷം നഗരസഭാ എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി 9 പ്രൊജക്ടുകൾ ആവിഷ്ക്കരിച്ചെങ്കിലും വർഷാവസാനം കോവിഡ് രംഗപ്രവേശം ചെയ്തത് പദ്ധതി പ്രവർത്തനത്തെ സാരമായി ബാധിച്ചു. മൂന്ന് പ്രൊജക്ടുകൾ മാത്രമാണ് തൻവർഷം പൂർത്തീകരിച്ചിട്ടുള്ളത്. 2,34,43,619/- രൂപ അടങ്കലിൽ 27,96,447/- രൂപയാണ് തൻവർഷം ചെലവഴിച്ചത്.

അസി.എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി 165 പ്രൊജക്ടുകൾ ആവിഷ്കിച്ചെങ്കിലും മഹാമാരി കാരണം 59 പ്രൊജക്ടുകൾക്ക് മാത്രമേ തൻവർഷം തുക ചെലവിടാൻ കഴിഞ്ഞുള്ളൂ. 8,46,92,873/- രൂപയുടെ അടങ്കൽ ആവിഷ്കരിച്ചതിൽ 21,52,26,305/- രൂപയാണ് തൻവർഷം ചെലവഴിച്ചത്.

## 1-42 കരാറുകൾ ആധികാരികമായി ചമച്ചിട്ടില്ല

നഗരസഭയിലെ അസി.എഞ്ചിനീയർ, അസി.എക്സി. എഞ്ചിനീയർ എന്നിവർ നിർവഹണോദ്യോഗസ്ഥരായി നടപ്പിലാക്കിയ പദ്ധതികളിൽ 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ നിബന്ധനകൾ പ്രകാരമല്ല നഗരസഭയിൽ കരാർ ചമച്ചിട്ടുള്ളത്. അതിന് പകരം കാലഹരണപ്പെട്ട കേരള ഡിറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിബന്ധനകൾ പ്രകാരമാണ് കരാർ ചമച്ചിട്ടുള്ളത്.

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ എല്ലാ ത.സ്വ.ഭ.വ. സ്ഥാപനങ്ങൾക്കും ബാധകമാക്കിയിട്ടുള്ളതിനാൽ ആയതിനനുസൃതമായിട്ടുള്ള മാതൃകയിൽ കരാർ ചമക്കണമെന്നുള്ള ഓഡിറ്റ് എൻക്വയറിക്കുള്ള 27/22.02.22 മറുപടിയിൽ ഭാവിയിൽ അപ്രകാരം കരാർ ചമക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-43 സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2214 വകുപ്പ്, 10/9/15 ലെ GO(Rt)1339/15/PWD ഉത്തരവുപ്രകാരമുള്ള ക്വാളിറ്റി കൺട്രോൾ മാന്വൽ, 10/9/15 ലെ സർക്കുലർ നം.10434/C3/14/PWD എന്നിവകളിലെ നിബന്ധനകൾ പ്രകാരം പതിനഞ്ച് ലക്ഷത്തിന് മേൽ അടങ്കലുള്ള പ്രവൃത്തികളുടെ കാര്യത്തിൽ ഏതെല്ലാം അവസരങ്ങളിൽ ബിൽ സമർപ്പിച്ചാലും ഉപയോഗിക്കുന്ന സാമഗ്രികളുടെ ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾടെസ്റ്റിങ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണെങ്കിലും നഗരസഭയിലെ അസി.എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തിയുടെ കാര്യത്തിൽ ഈ നിബന്ധന പാലിക്കുകയുണ്ടായിട്ടില്ല.

1

| | |
|---|---|
| പ്രൊജക്റ്റ് നം | 230/20 |
| ഫയൽ നം | E1-12520/17 |
| പ്രവൃത്തി | ഷോപ്പിങ് കോംപ്ലക്സ് ഒന്നാം നില പൂർത്തീകരണം |
| അടങ്കൽ | 15,00,000/- |
| കരാറുകാരൻ | പി.പി. സുനിൽകുമാർ |
| കരാർ | 97/17-18/15.03.18 |
| അളവുപുസ്തകം | 98/17-18.135/18-19 |
| ബിൽ നം, തുക | 107/23.03.19, 8,52,014/-<br>10/13.06.19, 6,01,866/- |

ഈ പ്രവൃത്തിയുടെ ആറാം ഇനം പ്രകാരം 4179.50Kg ഉരുക്കുകമ്പി ഉപയോഗിച്ച് പ്രബലിത കോൺക്രീറ്റ് ചെയ്തതിന് 77.68/Kg പ്രകാരം 324664.10 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഉരുക്കുകമ്പിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റ് കരാറുകാരൻ സമർപ്പിച്ചിട്ടില്ല.

ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (48/25/2/22) ലഭിച്ച മറുപടി പ്രകാരം, അറിവില്ലായ്മ മൂലമാണ് ഇത് സംഭവിച്ചതെന്നും ഭാവിയിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കി മാത്രമേ പ്രവൃത്തികൾ നിർവഹിക്കൂ എന്നും ഉപയോഗിച്ചിട്ടുള്ള സാമഗ്രികളെല്ലാം തന്നെ ഗുണനിലവാരമുള്ളതെന്നുമാണ് മറുപടി നൽകിയത്. ഗുണനിലവാരം സാധൂകരിക്കുന്ന രേഖകൾ ആധികാരികമായിതന്നെ സൂക്ഷിക്കേണ്ടതാണ്.

## 1-44 തൊഴിലുറപ്പുപദ്ധതിപ്രവർത്തനം

തൻവർഷം 1300 കുടുംബങ്ങൾ തൊഴിൽ കാർഡ് എടുത്തെങ്കിലും അവരിൽ 657 കുടുംബങ്ങൾ മാത്രമേ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളൂ. ഒരു കുടുംബത്തിന് പോലും നൂറ് ദിവസത്തെ തൊഴിൽ ലഭിച്ചിട്ടുമില്ല. പരമാവധി കുടുംബങ്ങൾക്കും തൊഴിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-45 കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല.

ചാവക്കാട് നഗരസഭയിൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് കൃത്യമായി പരിപാലിക്കുന്നില്ല.ഇതുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/14-2-22) ലഭ്യമാക്കിയ മറുപടി പ്രകാരം പങ്കാളിത്ത പെൻഷൻ വിഭാഗത്തിൽ വരുന്നവരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക അക്കൗണ്ടിലേക്ക് അടവാക്കുന്നുണ്ടെന്നറിയിച്ചിട്ടുണ്ട്. പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ലായെന്ന് മനസ്സിലാക്കുന്നു. 1997 ലെ കേരള മുൻസിപ്പാലിറ്റി കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങൾ എച്ച് 7 പ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് കൃത്യമായി പരിപാലിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഭാവിയിൽ തനത് ഫണ്ടിൽ നിന്ന് കൂടുതൽ തുക ടി ഇനത്തിൽ ചെലവ് വരുന്നതിനിടയാക്കുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-46 ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

താഴെ പറയുന്ന പ്രൊജക്ടുകൾക്ക് മരുന്നുകൾ ലഭ്യമാക്കിയിട്ടുള്ള ഇൻവോയിസുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന മരുന്നുകളുടെ മാനുഫാക്ച്ചറിങ്ങ് തീയതി ഇൻവോയിസ് തീയതിക്ക് ശേഷം വരുന്ന രീതിയിലാണ് ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലാ മെഡിക്കൽ ഓഫീസർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, തൃശ്ശൂരിൽ നിന്നും നോൺ-അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായതിനെ തുടർന്ന് ഔഷധി, ദ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം) കേരള ലിമിറ്റഡ്, കുട്ടനല്ലൂരിൽ നിന്നുമാണ് മരുന്നുകൾ വാങ്ങിയിരിക്കുന്നത്. ഇത്തരത്തിലുള്ള അപാകതക്ക് കാരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 77/5.3.22) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക അടവാക്കിയതിന് ശേഷം, 2 മാസത്തിനുള്ളിലാണ് മരുന്നുകൾ ലഭിക്കുന്നത്. ആയതിനാലാണ് മരുന്നുകളുടെ ഇൻവോയിസ് തീയതിക്ക് ശേഷമുള്ള തിയതിയായി മരുന്നുകളുടെ മാനുഫാക്ച്ചറിങ്ങ് തീയതി വരുന്നത്. ആയത് തൃപ്തികരമല്ല. ടാക്സ് ഇൻവോയിസിൽ സൂചിപ്പിച്ച അതേ മരുന്നുകൾ തന്നെ സപ്ലൈ ചെയ്യേണ്ടതാണ്. ആയതിന് ഔഷധിയിൽ നിന്ന് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകുന്ന ടാക്സ് ഇൻവോയ്സ് തയ്യാറാക്കുമ്പോൾ, തയ്യാറാക്കുന്ന തീയതിയിൽ ഔഷധിയിൽ ലഭ്യമായ ബാച്ചുകളിലെ മരുന്നുകൾ ഉൾപ്പെടുത്തി മാത്രമേ ബിൽ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. എന്നിരിക്കെ മേൽ സൂചിപ്പിച്ച ബിൽ ഇൻവോയ്സുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന മരുന്നുകൾ എല്ലാം ഭാവിയിൽ തയ്യാറാക്കാനുള്ള ബാച്ചുകൾ കണക്കാക്കി തയ്യാറാക്കിയതായാണ് കാണുന്നത്. ഔഷധിയിൽ നിന്നും ലഭ്യമാക്കുന്ന ഈ ഇൻവോയ്സുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രൊജക്ട് നമ്പർ : 02/20

ബിൽ നമ്പർ : 16/19-20 തീയതി. 29.6.19

അടങ്കൽ : 5,00,000/-

ചെലവ് : 5,00,000/-

2019 -20

| ക്രമ നം. | ബാച്ച് നമ്പർ | ഇൻവോയ്സ് നം. | ഇൻവോയ്സ് തീയതി | ഇൻവോയ്സ് ക്രമ നം. | മരുന്നിന്റെ പേര് | മാനുഫാക്ച്ചറിങ്ങ് തീയതി | എക്സ്പയറിംഗ് തീയതി |
|---|---|---|---|---|---|---|---|
| 1 | P91916 | 90129140 | 29.8.19 | 4. | കൈശോരഗുഗ്ഗുലു ഗുളിക | 9/19 | 8/22 |
| 2. | P271919 | 90129140 | 29.8.19 | 6. | ധന്വന്തരം ഗുളിക | 9/19 | 8/22 |
| 3. | A21915 | 90129140 | 29.8.19 | 8. | അമൃതാരിഷ്ടം | 9/19 | 8/29 |
| 4. | A29196 | 90129140 | 29.8.19 | 9. | വാശാരിഷ്ടം | 9/19 | 8/29 |
| 5. | C1199 | 90129140 | 29.8.19 | 11. | ദുരാലബരിഷ്ടം | 9/19 | 8/21 |
| 6. | C101920 | 90129140 | 29.8.19 | 12. | താലീസ് പത്രാദിചൂർണ്ണം | 9/19 | 8/21 |
| 7 . | T1419131 | 90129140 | 29.8.19 | 14 | കൊട്ടംചുക്കാദി തൈലം | 10 / 19 | 9 / 22 |

## 1-47 മത്സ്യ വില്പനക്ക് മോട്ടോർസൈക്കിളും ഐസ്ബോക്സും -സബ്സിഡി അധികം നൽകി

പ്രോജക്റ്റ്: So 123/20

അടങ്കൽ : 4,80,000/-

ഫണ്ട് വികസനഫണ്ട്(ജനറൽ) : 2,40,000/-

മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) : 2,40,000/-

നിവഹണ ഉദ്യോഗസ്ഥൻ : സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

ചെലവ് : 58,500/-

ട്രഷറി ബിൽ

1) 1/21.01.20 -28,500/-

ഇ-വൗച്ചർ - 21901279/19.12.19

2) 3/29.02.20 – 30,000/-
ഇ-വൗച്ചർ – 21901554/29.02.20

സ.ഉ.(കൈ) നം 22/2018/ത.സ്വ.ഭ.വ 14-2-2018 ഖണ്ഡിക:6-3 ക്രമ നം, 20, 21 പ്രകാരം മത്സ്യ വില്പനക്ക് മോട്ടോർ സൈക്കിളും ഐസ്ബോക്സും അടങ്ങുന്ന യൂണിറ്റിന്, യൂണിറ്റ് വില 60,000 രൂപയും, അനുവദനീയമായ സബ്സിഡി, യൂണിറ്റ് വിലയുടെ 50% പരമാവധി 30,000 രൂപയുമാണ്. മത്സ്യ വില്പനക്ക് ഐസ്ബോക്സ് മാത്രം വാങ്ങുന്ന സംഗതിയിൽ യൂണിറ്റ് വില 3,000 രൂപയും, അനുവദനീയമായ സബ്സിഡി, യൂണിറ്റ് വിലയുടെ 50% പരമാവധി 1,500 രൂപയുമാണ്. ഐസ്ബോക്സ് മത്സ്യത്തൊഴിലാളികൾ നേരിട്ട് വാങ്ങിയിട്ടുണ്ട്.
പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് അനുവദനീയമായതിലും അധികം സബ്സിഡി നൽകിയിട്ടുണ്ട്. മത്സ്യ വില്പനക്കുള്ള മോട്ടോർ സൈക്കിളിന് യഥാർത്ഥ വിലയുടെ 50% ആണ് അനുവദിക്കാവുന്ന സബ്സിഡി. (28,500 രൂപയാണ് സബ്സിഡി ഇനത്തിൽ അനുവദിക്കാവുന്ന പരമാവധി തുക). 3 മത്സ്യത്തൊഴിലാളികൾക്ക് മോട്ടോർ സൈക്കിളിന് യഥാർത്ഥ വിലയുടെ 50% അനുവദിക്കുന്നതിനു പകരം യൂണിറ്റ് വിലയുടെ പരമാവധി 28,500 രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ഗുണഭോക്താവ് | അനുവദനീയമായ സബ്സിഡി, (വാഹന വില) | അനുവദിച്ചത് | അധികം | വാഹനം വാങ്ങിയതിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|---|
| 1 | ഹനീഫ.എ.കെ | 25095 (50189 ) | 28500 | 3405 | 10985/BK/1952050 /22-11-19കല്യാൺമൊബൈക്സ് ,പൂങ്കുന്നം |
| 2 | വരുണൻ.ടി.കെ | 21572.5(43145) | 28500 | 6927 | 496/25-2-20,ടോംസ് മോട്ടോഴ്സ് ചാവക്കാട് |
| | | | | 10,332 | |

അധികമായി അനുവദിച്ച 10,332 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മത്സ്യ വില്പനക്ക് മോട്ടോർസൈക്കിളും ഐസ്ബോക്സും -സബ്സിഡി അധികം നൽകി

പ്രോജക്റ്റ്: So 123/20

അടങ്കൽ : 4,80,000/-

ഫണ്ട് വികസനഫണ്ട്(ജനറൽ) : 2,40,000/-

മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) : 2,40,000/-

നിവഹണ ഉദ്യോഗസ്ഥൻ : സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

ചെലവ് : 58,500/-

ട്രഷറി ബിൽ

1) 1/21.01.20 -28,500/-

ഇ-വൗച്ചർ - 21901279/19.12.19

2) 3/29.02.20 – 30,000
ഇ-വൗച്ചർ – 21901554/29.02.20

സ.ഉ.(കൈ) നം 22/2018/ത.സ്വ.ഭ.വ 14-2-2018 ഖണ്ഡിക:6-3 ക്രമ നം, 20, 21 പ്രകാരം മത്സ്യ വില്പനക്ക് മോട്ടോർ സൈക്കിളും ഐസ്ബോക്സും അടങ്ങുന്ന യൂണിറ്റിന്, യൂണിറ്റ് വില 60,000 രൂപയും, അനുവദനീയമായ സബ്സിഡി, യൂണിറ്റ് വിലയുടെ 50% പരമാവധി 30,000 രൂപയുമാണ്. മത്സ്യ വില്പനക്ക് ഐസ്ബോക്സ് മാത്രം വാങ്ങുന്ന സംഗതിയിൽ യൂണിറ്റ് വില 3,000രൂപയും, അനുവദനീയമായ സബ്സിഡി, യൂണിറ്റ് വിലയുടെ 50% പരമാവധി 1,500 രൂപയുമാണ്. ഐസ്ബോക്സ് മത്സ്യത്തൊഴിലാളികൾ നേരിട്ട് വാങ്ങിയിട്ടുണ്ട്.
പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് അനുവദനീയമായതിലും അധികം സബ്സിഡി നൽകിയിട്ടുണ്ട്. മത്സ്യ വില്പനക്കുള്ള മോട്ടോർ സൈക്കിളിന് യഥാർത്ഥ വിലയുടെ 50% ആണ് അനുവദിക്കാവുന്നസബ്സിഡി. (28,500 രൂപയാണ് സബ്സിഡി ഇനത്തിൽ അനുവദിക്കാവുന്ന പരമാവധി തുക). 3 മത്സ്യത്തൊഴിലാളികൾക്ക്മോട്ടോർ സൈക്കിളിന്

യഥാർത്ഥ വിലയുടെ 50% അനുവദിക്കുന്നതിനു പകരം യൂണിറ്റ് വിലയുടെ പരമാവധി 28,500 രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | അനുവദനീയമായ സബ്സിഡി, (വാഹന വില) | അനുവദിച്ചത് | അധികം | വാഹനം വാങ്ങിയതിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|---|
| 1 | ഹനീഫ.എ.കെ | 25095 (50189 ) | 28500 | 3405 | 10985/BK/1952050 /22-11-19കല്യാൺമൊബൈക്സ്, പൂങ്കുന്നം |
| 2 | വരുണൻ.ടി.കെ | 21572.5(43145) | 28500 | 6927 | 496/25-2-20, ടോംസ് മോട്ടോഴ്സ് ചാവക്കാട് |
| | | | | 10,332 | |

അധികമായി അനുവദിച്ച 10,332 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ചതുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| PWD ഇലക്ട്രിക്കൽ വിങ് | വൈദ്യുതീകരണം – ചാവക്കാട് താലൂക്ക് ആശുപത്രിയിലെ മോർച്ചറി ബിൽഡിംഗ് | BR No. 1913064700 5300187013 | 210000 | 210000 | 0 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | യു.ടി.ആർ -യു 00000068200202, തീ. 22.06.19 | 218701 | 218701 | 0 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | യു.ടി.ആർ -യു 000000688845836, തീ. 10.07.19 | 882133 | 882133 | 0 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | യു.ടി.ആർ -യു 000000688845874, തീ. 10.07.19 | 248980 | 248980 | 0 |

നഗരസഭ ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്. വാർഷിക കണക്കിലെ RP-41 പ്രകാരം KSEB Deposit 93,332/- രൂപയാണ്. ആയത് മേൽ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ചെലവഴിക്കാൻ ബാക്കിയുള്ള തുകയുടെ വിവരങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം/തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO | - | - | 60040000 | 6120000 | - | 53920000 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1563635 |
| Equity Share | 10,00,100 |
| തൻവർഷം നിക്ഷേപിച്ച തുക | 350106 |
| ആകെ | 2913841 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (പഞ്ചാബ് നാഷണൽ ബാങ്ക്, ചാവക്കാട്) | 2913841 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

വിവരം നഗരസഭ ലഭ്യമാക്കിയില്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 18,40,52,455 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 23,30,26,969 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10332 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 604037 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| 3-1 | 10,332 | ഫാത്തിമ.പി.എ<br>സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 148122 | ശാന്ത ടി.എസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-33 | 35000 | സിനി ടി.എൻ, സെക്രട്ടറി |
| 1-34 | 81582 | സിനി ടി.എൻ, സെക്രട്ടറി |
| | 66741 | വിശ്വനാഥൻ കെ.ബി, സെക്രട്ടറി |
| 1-36 | 272592 | നാസർഖാൻ കെ.എൻ, അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ |
| | 604037 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശാന്ത ടി.എസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ | റിട്ടയേഡ് | തോപ്പിൽ വീട്, പി.ഒ. കുറുമാൽ, വേലൂർ, 680601 |

| | | |
|---|---|---|
| സിനി ടി.എൻ, സെക്രട്ടറി | സെക്രട്ടറി, പറവൂർ മുനിസിപ്പാലിറ്റി | ന്യൂ ഡെയിൽ, മലനട, കൊല്ലം |
| വിശ്വനാഥൻ കെ.ബി, സെക്രട്ടറി | സെക്രട്ടറി, ചാവക്കാട് മുനിസിപ്പാലിറ്റി | കോറമ്പിൽ ഹൗസ്, വേഞ്ചേനാട് പി.ഒ, പാവറട്ടി (Via) തൃശ്ശൂർ – 680507 |
| നാസർഖാൻ കെ.എൻ, അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | റിട്ടയേഡ് | കണ്ടത്തിൽ വീട്, കുമ്മനം പി.ഒ. കോട്ടയം – 686005 |
| ഫാത്തിമ.പി.എ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് | ഫാത്തിമ.പി.എ. പോക്കാക്കില്ലത്ത് ഹൗസ്, താന്ന്യം, പെരിങ്ങോട്ടുകര (പി.ഒ) പിൻ- 680565 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1961-62 | എൽ.എഫ്,ടി.4-653/87 തീ.20.04.87 | 5 |
| 64-65 | എൽ.എഫ്.ടി.4-4451/77 തീ.03.09.77 | 15 |
| 65-66 | എൽ.എഫ്.ടി.4-4451/77 തീ.30.09.77 | 7 |
| 66-67 | എൽ.എഫ്.ടി.4-4451/77 തീ.03.09.77 | 6 |
| 73-74 | എൽ.എഫ്.ടി.4-657/87 തീ.20.04.87 | 13 |
| 74-75 | എൽ.എഫ്.ടി.4-417/88 തീ.10.03.88 | 20 |
| 75-76 | എൽ.എഫ്.ടി.4-656/87 തീ.20.04.87 | 21 |
| 76-77 | എൽ.എഫ്.ടി.2(സി)1249/77 തീ.05.08.79 | 38 |
| 77-78 | എൽ.എഫ്.ടി.4-417/88 തീ.10.03.88 | 19 |
| 78-79 | എൽ.എഫ്.ടി.4-718/87 തീ.25.04.87 | 77 |
| 79-80 | എൽ.എഫ്.ടി.4-719/87 തീ.25.04.87 | 8 |
| 80-81 | എൽ.എഫ്.ടി.4-2548/88 തീ.28.06.88 | 11 |
| 81-82 | എൽ.എഫ്.ടി.4-240/91 തീ.03.04.91 | 56 |
| 82-83 | എൽ.എഫ്.Office Of The Joint Director Ofടി.4-1954/88 തീ.12.05.89 | 60 |
| 83-84 | എൽ.എഫ്.ടി.4-683/90 തീ.06.08.90 | 55 |
| 84-85 | എൽ.എഫ്.ടി.4-1236/93 തീ.10.11.93 | 31 |
| 85-86 | എൽ.എഫ്.ടി.4-45/93 തീ.12.11.93 | 59 |
| 86-87 | എൽ.എഫ്.ടി.4-627/94 തീ.17.11.95 | |
| 87-88&88-89 | എൽ.എഫ്.ടി.4-1906/95 തീ.25.05.96 | |
| 89-90,90-91&91-92 | എൽ.എഫ്.ടി.4-638/96 തീ.30.11.96 | |
| 92-93 | എൽ.എഫ്.ടി.4-7/97 തീ.15.12.97 | |
| 93-94 | എൽ.എഫ്.ടി.4-1304/05 തീ.23.11.05 | |
| 1996-97 (ചെലവ്) | എൽ.എഫ്.ടി.4-461/98 തീ.23.11.05 | |
| 97-98 | എൽ.എഫ്.ടി.4-1283/99 തീ.15.05.2000 | |
| 98-99 | എൽ.എഫ്.ടി.4-1251/01 തീ.01.01.05 | |
| 99-00 | എൽ.എഫ്.ടി.4-245/04 തീ.17.01.06 | |
| 2000-01 | എൽ.എഫ്.ടി.4-250/05 തീ.16.06.2005 | |
| 94-95, 95-96 (വരവു ചെലവ്) | എൽ.എഫ്.ടി.4-1495/08 തീ.21.12.09 | |

| | | |
|---|---|---|
| 96-97 | എൽ.എഫ്.ടി.4-1496/08 തീ.21.12.09 | |
| 97-98 | എൽ.എഫ്.ടി.4-1497/08 തീ.21.12.09 | |
| 98-99 | എൽ.എഫ്.ടി.4-1498/08 തീ.21.12.09 | |
| 99-00 | എൽ.എഫ്.ടി.4-1499/08 തീ.21.12.09 | |
| 00-01(വരവ്) | എൽ.എഫ്.ടി.4-1500/08 തീ.21.12.09/15.03.2010 | |
| 2001-02 (ചെലവ്) | എൽ.എഫ്.ടി.4-1331/05 തീ.17.01.06/29.05.06 | |
| 2002-03 (വരവ് | എൽ.എഫ്.ടി.4-695/09 തീ.28.08.10 | |
| 2003-04 (വരവ് ചെലവ്) | എൽ.എഫ്.ടി.4-696/09 തീ.04.09.2010 | |
| 04-05 | എൽ.എഫ്.ടി.4-697/09 തീ.06.04.10 | |
| 05-06 | എൽ.എഫ്.ടി.എം.-348/11 തീ.02.11.11 | |
| 06-07 | എൽ.എഫ്.ടി.4-349/11 തീ.02.11.11 | |
| 07-08 | എൽ.എഫ്.ടി.(എം)2599/11 തീ.23.01.12 | |
| 08-09 | എൽ.എഫ്.ടി.(എം)2600/11 തീ.23.01.12 | |
| 09-10 | എൽ.എഫ്.ടി.(എം) 110/12 തീ.28.05.12/17.7.12 | |
| 10-11(ചെലവ്) | എൽ.എഫ്.ടി.(എം) 111/12 തീ.28.05.12/07.07.12 | |
| 11-12 | എൽ.എഫ്.ടി.എം.-26/2013 തീ.10.04.2013/16.08.2013 | |
| 12-13 | എൽ.എഫ്.ടി.(എം.)794/14 തീ. 01.10.2014/09.12.2014 | |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.എം-1417/15/17.11.15/14.12.15 | |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(എം)1438/16, തീ. 08.08.2016 | |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ(എം)118/17, തീ. 31.1.17 / 13.2.17 | |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ(എം)1753/17,തീ. 19.12.17 / 16.01.18 | |
| 17-18 | കെ.എസ്.എ.ടി.എസ്.ആർ(എം)596/19, തീ. 17.07.19 | |
| 18-19 | കെ.എസ്.എ.ടി.എസ്.ആർ.(എം)367/2020, തീ.21.05.2020 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ചാവക്കാട് മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്